

ഭഗവദ്ഗീത മാർക്സിസം

PG
335.4

പി. ഗോവിന്ദപ്പിള്ള

ഭഗവദ്ഗീത, ബൈബിൾ, മാർക്സിസം

BHAGAVADGITA, BIBLE, MARXISM
P. GOVINDA PILLAI
November 1985, Chintha Weekly Publication
Printed at Vidya Prints, Cochin-18.
Price 4-00

ചിന്ത പുസ്തകം മൂന്ന്

ഭഗവദ്ഗീത, ബൈബിൾ, മാർക്സിസം

7796

പി. ഗോവിന്ദപ്പിള്ള



ചിന്ത വാരിക പ്രസിദ്ധീകരണം
രൂപ 4

ക്ഷമാപണം

ശ്രീമദ് ഭഗവദ് ഗീതയേയും ക്രിസ്തീയ വേദപുസ്തക ത്തേയും കുറിച്ച് കുറെകൂടി വിസ്തരിച്ചെഴുതാനായി നട ത്തിയ വായനയും കുറിപ്പുകളും ആധാരമാക്കി ചില പ്രത്യേക സന്ദർഭങ്ങളിൽ ''ചിന്ത'' യിൽ എഴുതി ചേർത്തവയാണ് ഈ മൂന്ന് ഉപന്യാസങ്ങളും. അന്നവ വായിച്ചപ്പോഴെ കുറെകൂടി വിശദമായി എഴുതണമെന്ന സഖാക്കളും വിമർശകരും എന്നോടാവശ്യപ്പെട്ടുകൊണ്ടി രുന്നു. പക്ഷേ കൃത്യാന്തര ബാഹുല്യങ്ങളാലും തയ്യാ റെടുപ്പ് 'പോരാ പോരാ' എന്ന് ഓരോ പുതിയ കൃതി വായിക്കുമ്പോഴും തോന്നുകയാലും ആ പദ്ധതി നീണ്ടു പോയി. അങ്ങിനെ പൂർണതയിലെത്തിയശേഷം ഒന്നും എഴുതാൻ കഴിയില്ല എന്ന രണ്ടാം ചിന്തയും എന്നെ അ ലട്ടുന്നുണ്ട്. അതുകൊണ്ട് പഠിച്ചിടത്തോളം വെച്ച് കുറെകൂടി വിശദമായി ഇതിൽ ചർച്ച ചെയ്യുന്ന വിഷ യങ്ങളും വിളംബംവിനാ എഴുതി തീർക്കണമെന്നുണ്ട്.

ഇക്കാരണങ്ങളാൽ പുസ്തകത്തിന്റെ തലവാച കം സൂചിപ്പിക്കുന്നത്ര സമഗ്രമല്ല പഠനം എന്ന് വ്യ ക്തമാകുമല്ലോ. അതിനു് ക്ഷമാപണം.

ചിന്തയിൽ വന്ന ലേഖനങ്ങളിൽ ചില്വറ ഭേഗ തികളും തിരുത്തലുകളും മാത്രമെ വരുത്തിയിട്ടുള്ളൂ.

പി. ഗോവിന്ദപ്പിള്ള

എ. കെ. ജി പഠനഗവേഷണകേന്ദ്രം.

20 ഒക്ടോബർ 1985

PG
335.4

അധ്യായം 1

ഗീതാപഠനത്തിനു് ഒരു മുഖവുര

മാർക്സിസത്തിന്റെ വെളിച്ചത്തിൽ ഭഗവദ്ഗീത പഠിക്കാനാഗ്രഹിക്കുന്നവർക്കു് ആവശ്യമായതു കരുക്കളും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു എന്നു പറയാൻ നിവൃത്തിയില്ലെങ്കിലും അഗണ്യമല്ലാത്ത പുരോഗതി ഈ രംഗത്തുണ്ടായിട്ടുണ്ടു്. മാർക്സിസ്റ്റു് അടിസ്ഥാനത്തിൽ ഇന്ത്യയുടെ പ്രാചീനചരിത്രം രചിക്കുന്നതിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലത്തു് കൈവന്നിട്ടുള്ള വമ്പിച്ച നേട്ടങ്ങളാണു് അതിനേറ്റവും സഹായകരമായിട്ടുള്ളതു്. ദേവരാജ്ചനാന, രാംശരൺ ശർമ്മ, ഡി. ഡി. കൊസാമ്പി, റൊമീല ഥാപ്പർ തുടങ്ങിയവരുടെ സംഭാവനകളും പ്രാചീന ഭാരതീയ ചരിത്ര പഠനത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുന്നു. പ്രാചീന ഭാരതീയ ദർശനങ്ങളുടെ പഠനത്തിലാകട്ടെ പരേതനായ ജർമൻ പണ്ഡിതൻ വാൾട്ടർ റൂബൻ, അമേരിക്കക്കാരൻ ദെയിറ്റൈപ്പ്, ഇന്ത്യയിലെ ദേവീ പ്രസാദ് ചട്ടോപാധ്യായ, രാഹുൽസാംകൃത്യായൻ തുടങ്ങിയവർ മുൻവിധികളെയും യാഥാസ്ഥിതിക വാർപ്പുമാതൃകകളെയും ആകെ അട്ടിമറിച്ചിരിക്കുകയാണു്.

പ്രാചീന ഭാരതീയ പൈതൃകത്തെ വൈരുധ്യാത്മക ഭൗതികവാദത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്തു വിലയിരുത്താനുള്ള ഈ വിജയകരമായ യത്നങ്ങൾക്കിടയിൽ സ്വാഭാവികമായും ഭഗവദ്ഗീതയെക്കുറിച്ചും ഹ്രസ്വവും പ്രാഥമികവുമെങ്കിലും കുറെ പഠനങ്ങളും ഉണ്ടാ

യിട്ടുണ്ട്. അവയിൽ ഏറ്റവും വിലപ്പെട്ടതും തുടർന്നുള്ള പഠനങ്ങൾക്ക് വഴി കാട്ടുന്നതും പരേതനായ ഡി. ഡി. കൊസാമ്പിയുടെ കൃതിയാണ്. 'മിത്തും യാഥാർഥ്യവും' (മിത്ത് ആൻറ് റിയാലിറ്റി, പോപ്പുലർ പ്രകാശൻ, ബോംബെ, 1962) എന്ന കൊസാമ്പിയുടെ കൃതിയിലെ ഒരു അധ്യായമാണത്. 'ഭഗവദ്ഗീതയുടെ സാമൂഹ്യവും സാമ്പത്തികവും ആയ വശങ്ങൾ' എന്നോ 'ഭഗവദ്ഗീത സാമൂഹ്യ സാമ്പത്തിക വീക്ഷണത്തിൽ' എന്നോ അതിനെ വിവർത്തനം ചെയ്യാം. ('ഭഗവദ്ഗീതയുടെ സാമൂഹ്യശാസ്ത്രം' എന്ന പേരിൽ ഈ അധ്യായം വിവർത്തനം ചെയ്ത് ഒരു പുസ്തകമായി കെ. സച്ചിദാനന്ദൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തലവാചകത്തിന്റെ വിവർത്തനത്തിൽ പോരായ്മയില്ലെങ്കിലും ഏറ്റവും വികലവും വികൃതവും ആയ ഒന്നായിപ്പോയി ആ വിവർത്തനം എന്നു പറയേണ്ടി വന്നതിൽ ഖേദമുണ്ട്. വിവർത്തകനായ എം. ഗംഗാധരനു മാർക്സിസത്തോടുള്ള ശത്രുത മൂലമാണോ അപ്രാപ്തിമൂലമാണോ എന്നറിയില്ല, ഗുരുതരമായ തെറ്റുകൾ അതിൽ കടന്നുകൂടിയിട്ടുണ്ട്. എന്നുമാത്രമല്ല, ഒരു സൂചന പോലും നൽകാതെ ചില ഭാഗങ്ങൾ അപ്പാടെ വിട്ടുകളയുകയും ചെയ്തിരിക്കുന്നു.)

കൊസാമ്പിയുടെ അനുപമമായ കൃതി കഴിഞ്ഞാൽ പിന്നെ ശ്രദ്ധേയമായിട്ടുള്ളതു്. സി. പി. ഐ യിലെ എസ്. ജി. സർദേസായിയും ഈയിടെ പരേതനായ ദിലീപ് ബോസും പ്രത്യേകമായി എഴുതിയ ലേഖനങ്ങളുടെ സമാഹാരമായ 'ഭഗവദ്ഗീതയും മാർക്സിസവും' എന്ന കൃതിയാണ് (പീപ്പിൾസ് പബ്ളിഷിങ്ങ് ഹൗസ്, ന്യൂദൽഹി, 1982). വാൾട്ടർ ട്യൂബന്റെ 80-ാം ജന്മദിനം പ്രമാണിച്ച് 1980-ൽ കൽക്കത്തയിൽ ചേർന്ന

സെമിനാറിൽ ബാംഗ്ലൂർ നാഷനൽ കോളേജിലെ പ്രഫ സർ ജി. രാമകൃഷ്ണ അവതരിപ്പിച്ച 'ഗീതയെക്കുറിച്ച് ഉറ ക്കെ ചിന്തിക്കാൻ' എന്ന പ്രബന്ധവും ഈ പ്രകൃതത്തിൽ ശ്രദ്ധയർഹിക്കുന്നു. (മാർക്സിസം ആൻറ് ഇന്തോളജി, കെ. പി. ബാഗ്ചി ആൻറ് കമ്പനി, കൽക്കത്ത, 1981). മേൽ ചേർത്ത പുസ്തകത്തിലെ 'ഭഗവദ്ഗീതയും ഇന്ത്യൻ ദേശീയ പ്രസ്ഥാനവും' എന്ന ദിലീപ് ബോസിൻെറ ലേഖനവും ആദ്യ രൂപത്തിൽ ഈ സെമിനാറിൽ സമർ പ്പിച്ചതുതന്നെ).

കേരളത്തിൽ ഭഗവദ്ഗീതയെ മാർക്സിസ്റ്റ് വീക്ഷ ണത്തിൽ കൈകാര്യം ചെയ്യാൻ ആദ്യമായി യത്നിച്ചതു്, മറ്റു് പല പ്രശ്നങ്ങളിലും എന്നപോലെ, പരേതനായ കെ. ദാമോദരൻതന്നെ. അദ്ദേഹത്തിൻെറ 'ഭാരതീയ ത ത്വചിന്ത' (കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്ത പുരം 1973) യുടെ 17-ാം അധ്യായം മുഴുവനും ഭഗവദ്ഗീ തയെക്കുറിച്ചാണു്. (ഈ കൃതിയുടെ ഇംഗ്ലീഷ് രൂപമായ 'ഇന്ത്യൻ തോട്ടി'ലും അങ്ങനെ ഒരധ്യായമുണ്ടു്.)

മാർക്സിസ്റ്റിതരരായ യുക്തിവാദികളും ഭൗതികവാദി കളും ഈ വിഷയത്തെ മുൻനിറുത്തി എഴുതിയ ചില കൃതി കളും ഈ ലേഖകനു് ശ്രദ്ധേയമായി തോന്നി. പ്രസിദ്ധ മറാഠി പണ്ഡിതനായ ലക്ഷ്മൺശാസ്ത്രിയുടെ 'ഹിന്ദുമത വിമർശന'മാണു് ഒന്നു് (എ ക്രിട്ടിക് ഓഫ് ഹിന്ദുയി സം, മോഡേൺ ഏജ് പബ്ളിക്കേഷൻസ്, ബോംബെ, 1948). മറെറാന്നു് പ്രേംനാഥ് ബജാജ് എഴുതിയ 'ഇ ന്ത്യൻ ചരിത്രത്തിൽ ഭഗവദ്ഗീതയുടെ പങ്കു്' (ദി റോൾ ഓഫ് ഭഗവദ്ഗീത ഇൻ ഇന്ത്യൻ ഹിസ്റ്ററി, സ്റ്റേർലിങ്ങ് പബ്ലിഷേഴ്സ്, ന്യൂദൽഹി, 1975).

ഇനിയും ചിലവകൂടി പരാമർശനാർഹമാണെങ്കി ലും വിസ്താര ഭയത്താൽ നിറുത്തുന്നു.

പ്രശസ്തജടിലം

തുടക്കം തൊട്ടേ പ്രശ്നസങ്കുലമാണ് ഭഗവദ്ഗീത. അന്ധവിശ്വാസത്തിനു് സാമാന്യബുദ്ധി പണയം വെ ച്ചിട്ടില്ലാത്ത ഭക്തന്മാർക്കും വിശ്വാസികൾക്കും അത്തരം സംശയങ്ങളിൽ നിന്നൊഴിഞ്ഞു പോകാനാവില്ല. നോക്കൂ.

ഭഗവദ്ഗീത അഥവാ 'ഭഗവാന്റെ പാട്ട്' മഹാ ഭാരതമെന്ന 80,000 ശ്ലോകമുള്ള ഇതിഹാസ കാവ്യത്തി ന്റെ ഭാഗമാണു്. കുരുക്ഷേത്രയുദ്ധത്തിൽ പാണ്ഡവപ ക്ഷത്തെ വില്ലാളിവീരനായ അർജ്ജുനനും അദ്ദേഹത്തി ന്റെ തേരാളിയായ ശ്രീകൃഷ്ണനും തമ്മിലുള്ള സംവാദമാ ണതിലെ മുഖ്യപ്രമേയം. ഇതെല്ലാം കൗരവരുടെ പി താവായ ധൃതരാഷ്ട്രർക്കു് സഞ്ജയൻ പറഞ്ഞുകൊടുക്കുന്നതാ യിട്ടാണു് ഈ കൃതി രൂപപ്പെട്ടത്തിയിരിക്കുന്നതു്. പ തിനെട്ടധ്യായങ്ങളിലായി എഴുനൂറിൽപരം ശ്ലോകങ്ങൾ ഉണ്ടു് ഗീതയിൽ. യുദ്ധസന്നദ്ധരായി ഇരുഭാഗത്തും സൈന്യങ്ങൾ അണിനിരക്കുക മാത്രമല്ല പോരാട്ടത്തി ന്റെ പ്രാരംഭമായ കാഹളം വിളികൂട്ടുകൊണ്ടു് അടർക്ക ളം മുഖരിതവുമായി. ഈ നിർണായക നിമിഷത്തിലാ ണു് അർജ്ജുനനു് വീണ്ടുവിചാരവും വൈക്ലബ്യവും തുട ങ്ങുന്നതു്. സഹോദരരും ഗുരുജനങ്ങളും ബന്ധുമിത്രാദി കളും അടങ്ങുന്ന എതിരാളികളെ അമ്പെയ്തു് കൊല്ലുക യോ? ആ മഹാപാപത്തിനു് താനില്ല. അത്തരം പാപ കൃത്യംകൊണ്ടു് നേടാവുന്ന പ്രശസ്തിയോ പദവിയോ ലാ ഭമോ ഒന്നുംതനിക്കാവശ്യമില്ല. അങ്ങനെ വിഷാദകുലു

ഷിതനായി വേപഥുപൂണ്ട് അമ്പും വില്ലും താഴെവെച്ച് കുത്തിയിരിക്കുന്ന അർജ്ജുനനെ ഉപദേശ നിർദ്ദേശങ്ങളും നൽകി കർമോന്മുഖനാക്കി കൊലയ്ക്കിനും പ്രേരിപ്പിക്കുകയാണ് ഭഗവാൻ കൃഷ്ണൻ. ഈ പതിനെട്ടധ്യായവും എഴുനൂറ് ശ്ലോകവും ചൊല്ലിത്തീരും വരെ യുദ്ധകാഹളം മുഴക്കി പടക്കിറങ്ങിയവരെല്ലാം ഇതികർത്തവ്യതാമൂഢരായി നിന്നുകളഞ്ഞോ? അങ്ങനെയാണെങ്കിൽ 18 ദിവസത്തെ യുദ്ധത്തിൽ ഒന്നാം ദിവസത്തെ യുദ്ധം നടന്നുകാണുകയില്ലല്ലോ. അക്കാലത്തെ യുദ്ധമുറപ്രകാരം സന്ധ്യക്ക് മുമ്പ് അതാതു ദിവസത്തെ യുദ്ധം അവസാനിക്കുകയും വേണമല്ലൊ.

ഇതു മാത്രമല്ല, മഹാഭാരതയുദ്ധത്തിന്റെ കണക്കുകൂട്ടൽതന്നെ അവിശ്വസനീയമാണെന്നത്രെ കൊസാമ്പിയുടെ തീർപ്പ്. അദ്ദേഹം പറയുന്നു:

> ''മഹാഭാരതത്തിൽ വിവരിക്കുന്ന തോതിൽ ഒരു യുദ്ധം യഥാർഥത്തിൽ നടന്നിട്ടുണ്ടെങ്കിൽ താനേശ്വരത്തിനും ദൽഹിക്കുമിടയിലെ പ്രദേശത്തുവെച്ചു 18 ദിവസത്തെ പോരാട്ടത്തിൽ 50 ലക്ഷത്തോളം പേരെങ്കിലും വധിക്കപ്പെട്ടിരിക്കണം. സുമാർ 1,30,000 രഥങ്ങളും (അവയുടെ കുതിരകളോടുകൂടി) അത്രതന്നെ ആനകളും, അവയുടെ മൂന്നിരട്ടി സവാരിക്കുതിരകളും അണിനിരത്തപ്പെട്ടിരുന്നു. അതിന്റെ അർഥം പടയാളികളുടെയത്ര അകമ്പടിക്കാരും പരിചാരകരുംകൂടി ഉണ്ടായിരുന്നു എന്നാണ്. മൊത്തം 20 കോടി ജനസംഖ്യയെങ്കിലുമില്ലാതെ ഇത്ര വലിയൊരു സൈന്യവ്യൂഹത്തെ ഉണ്ടാക്കാൻ കഴിയില്ല. ഇത്ര വലിയ ഒരു ജനസം

ഖ്യ ബ്രിട്ടീഷ് കാലഘട്ടം വരെ ഇന്ത്യയിലു ണ്ടായിരുന്നിട്ടില്ല. കലപ്പയും മറ്റു കാർഷി കോപകരണങ്ങൾക്കും കുറഞ്ഞ വിലയ്ക്ക് ധാരാ ളമായി ഇരുമ്പും ഉരുക്കും ലഭിക്കാതെ അത്രവ ലിയ ഒരു ജനസംഖ്യാ നിലവാരത്തിലെത്താ നൊട്ട സാധ്യവുമല്ല. ക്രി. പി. ആറാം നൂറാ ണ്ടിനുമുമ്പ് കാര്യമായ അളവിൽ ഇരുമ്പ് ഇ ന്ത്യൻ കർഷകർക്ക് കിട്ടിയിരുന്നില്ലെന്നു തീർ ച്ച. പുതുതായി വികസിപ്പിച്ചെടുത്ത ഗംഗാന ദീതടത്തിലെ മിച്ചം മുഴുവൻ പിടിച്ചെടുത്ത ച ന്ദ്രഗുപ്തമൗര്യന്റെ നാലു ലക്ഷം പേരുണ്ടായിരു ന്ന സേനയാണു വിശ്വാസ്യമായി വിവരിക്ക പ്പെടുന്ന ഏറ്റവും വലിയ പ്രാചീന സൈന്യ ശേഖരം. മഹാഭാരതത്തിൽ സൈനിക ഘട കങ്ങളെക്കുറിക്കുന്ന 'പത്തി' 'ഗുൽമ' തുടങ്ങിയ പദങ്ങൾക്ക് മൗര്യകാലത്തിനു മുമ്പ് ആ അർ ഥം സിദ്ധിച്ചിരുന്നില്ല. മഹാഭാരതത്തിലെ വീരന്മാർ രഥത്തിലിരുന്നാണു അമ്പും വില്ലും കൊണ്ടു പോരാടിയതു് എന്നു പറയുമ്പോഴും തോന്നുക ധാരാളമായി കുതിരപ്പടയേ ഉണ്ടായി രുന്നില്ലെന്നാണു്. എന്നാൽ ഇന്ത്യൻ യുദ്ധരം ഗത്തു് താരതമ്യേന വൈകിയെത്തിയ കുതി രപ്പട പോർ രഥങ്ങളെ കാലഹരണപ്പെടുത്തി ക്കഴിഞ്ഞിരുന്നു. പഞ്ചാബിൽ അലക്സാണ്ടർ അതു് തെളിയിക്കുകയും ചെയ്തു.''

ഇതൊന്നും സാരമില്ലെന്നു വെക്കുക. പ്രാചീന മ ഹാകാവ്യങ്ങളിലും പുരാണങ്ങളിലുമെല്ലാം ഇത്തരം എ ത്രയോ അതിശയോക്തികളും അസംഭാവ്യതകളും കാണാം.

അതിന്റെ മൊത്തത്തിലുള്ള കാവ്യഭംഗിയും സാംസ്കാരിക മൂല്യങ്ങളും ഉൾക്കൊണ്ടാൽ പോരെ. മതി. പക്ഷെ ആ മഹാ ഗ്രന്ഥത്തിന്റെ ഭാഗമായ ഭഗവദ്ഗീത പൂർണമായ സമകാലിക പ്രസക്തിയുള്ള ദാർശനിക പ്രബന്ധവും വഴികാട്ടിയുമാണെന്ന് വാദിക്കുമ്പോഴാണ് കുഴപ്പം. മഹാഭാരതം കഴിഞ്ഞ ഏതാനും ദശകങ്ങളായി പണ്ഡിതന്മാരുടെ നിഷ്കൃഷ്ടമായ പഠനത്തിനും വിശകലനത്തിനും വിധേയമായിട്ടുണ്ട്. അതിന്റെയെല്ലാം പരിണത ഫലമായി പൂണെയിലെ ഭണ്ഡാർക്കർ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിട്യൂട്ടുകാർ സുപ്രസിദ്ധമായ അക്ഷയ പാത്ര കഥയുംപ്പെടെ വളരെയേറെ പ്രക്ഷിപ്ത ഭാഗങ്ങൾ തിരസ്കരിച്ച് ഒരു ശുദ്ധപാഠം അല്ലെങ്കിൽ വിമർശിതപ്പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പ്രശസ്ത പണ്ഡിതനും ഹിന്ദുമത വിശ്വാസിയുമായ ഡാ: സുക്താങ്കറുടെ നേതൃത്വത്തിൽ ഒരു ഗവേഷകസംഘം നിർവഹിച്ച ഈ ചെത്തിക്കളയലും മിനുക്കുപണികളും സാധാരണ യാഥാസ്ഥിതികർപോലും സർവാത്മനാ അംഗീകരിക്കുകയാണ്. ഹരിവംശം എന്ന് പൊതുവെ പരാമർശിക്കപ്പെടുന്ന 19 മുതൽ 21 വരെയുള്ള ഹരിവംശ–വിഷ്ണു–ഭവിഷ്യൽ പർവങ്ങളും ഖിലം അഥവാ അനുബന്ധമാണെന്ന് ആദിപർവത്തിൽ തന്നെ സൂചനയുള്ള നിലക്ക് അവ പണ്ടേ ആധികാരിക പഠനത്തിൽ നിന്നും തിരസ്കൃതമായി—കുഞ്ഞിക്കുട്ടൻ തമ്പുരാനും മറ്റും അവകൂടി വിവർത്തനം ചെയ്യ ചേർത്തിട്ടുണ്ടെങ്കിലും. അവശേഷിച്ച 18 പർവങ്ങളും 80,000 ശ്ലോകങ്ങളും തന്നെ അനേക നൂറ്റാണ്ടുകളിലൂടെ വളർന്നുവന്നതാണെന്നു അംഗീകരിക്കപ്പെട്ടിരിക്കുന്നു. വ്യാസനിൽ കർതൃത്വം ആരോപിക്കപ്പെടുന്ന ആദ്യപാഠത്തിന് 'ജയ' (ജയം) എന്നായിരുന്നു പേരെന്നും അതിൽ 8000 ത്തിലധികം

ശ്ലോകങ്ങൾ ഉണ്ടായിരിക്കാൻ ഇടയില്ലെന്നുമാണു് പണ്ഡിതമതം. ക്രമേണ നൂറ്റാണ്ടുകൾ താണ്ടി അതു് വളർന്നു വന്നു് 24000 ശ്ലോകത്തിലെത്തിയപ്പോൾ അതിന്റെ കർത്താവു് വൈശമ്പായനനും പേരു് 'ഭാരതം' എന്നുമായി. പിന്നെയും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ സൗതി എന്ന ഒരു പ്രസാധകന്റെ ആഭിമുഖ്യത്തിൽ ശ്ലോകങ്ങൾ 80,000വും പേരു് 'മഹാഭാരതം' എന്നും ആയി പരിണമിച്ചു. 82,000 എന്നും പക്ഷമുണ്ടു്. കുറേക്കൂടി മുന്നോട്ടുപോയി സുകൃതാങ്കർക്കു് ലഭിച്ച ഉത്തരേന്ത്യൻ പാഠങ്ങളിൽ 82, 136-ഉം ദക്ഷിണേന്ത്യൻ പാഠങ്ങളിൽ 95, 586 ശ്ലോകങ്ങളും കാണപ്പെട്ടു. ഒരു ലക്ഷത്തിലേറെ ശ്ലോകങ്ങളുള്ള മഹാഭാരത പാഠങ്ങളും ഇല്ലാതില്ല. കുഞ്ഞിക്കുട്ടൻ തമ്പുരാൻ തന്റെ തർജിമക്കു് ഉപയോഗപ്പെടുത്തിയ പാഠം ഏതെന്നറിയാതെ എൻ. ബി. എസ്. പതിപ്പിന്റെ പരിശോധകൻ എ. ഡി. ഹരിശർമ കുഴങ്ങിത്തപ്പെട്ടുന്നു.

ഇങ്ങനെ ചുരുങ്ങിയതു് രണ്ടു സഹസ്രാബ്ദകാലത്തെ വികാസചരിത്രമുള്ള മഹാഭാരതമെന്ന മഹാവടവൃക്ഷത്തിന്റെ മൂലവും പരിണാമഗതിയും ദുർമേദസ്സുക്കളും എല്ലാം തേടിപ്പിടിച്ചു് മുടിനാരിഴകീറി വകതിരിക്കുകയും പ്രക്ഷിപ്തങ്ങൾ തിരസ്കരിച്ചു് ശുദ്ധപാഠം തയ്യാറാക്കുകയും ചെയ്ത പൂണെ മഹാരഥന്മാർ മഹാഭാരതത്തിന്റെ ഭാഗമായ ഭഗവദ് ഗീതയെ മാത്രം 'തൊട്ടതീണ്ടി അശുദ്ധപ്പെടുത്താതെ' വിട്ടുകളഞ്ഞതു് വിചിത്രംതന്നെ. ആദിശങ്കരന്റെ ഭാഷ്യത്തിനു് വിധേയമായതിനാൽ ഗീതയെ അപ്പാടെ തൊട്ടതീണ്ടുകയോ കീറിമുറിക്കുകയോ ചെയ്യാതെ വിടുന്നു എന്ന ഒരു മുടന്തൻ ന്യായം മാത്രമെ അവർക്കു് പറയാനുള്ളൂ. മഹാഭാരതത്തിന്റെ മൂ

ഖ്യമായ ഈ മൂന്ന വികാസ പരിണാമദശകളിലെ മാറ്റം മറിച്ചിലുകളും ചെത്തിച്ചേർക്കലുകളുമെല്ലാം ഭീഷ്മപർവത്തിലെ ഈ 700 ശ്ലോകങ്ങൾക്ക് ബാധകമല്ലെന്നോ? യുക്തിക്കോ സാമാന്യബുദ്ധിക്കോ തെല്ലും നിരക്കുന്നതല്ല അത്തരം അവകാശവാദങ്ങൾ..

ഭീഷ്മപർവത്തിലെ യഥാർഥ ഭഗവദ്ഗീതയുടെ സാരാംശം എന്നവകാശപ്പെട്ടുകൊണ്ട് മഹാഭാരതത്തിലെ അശ്വമേധപർവത്തിൽ തന്നെയുണ്ട് ഒരു വികൃതസൃഷ്ടി: 'അനുഗീത'. ബ്രാഹ്മണപൂജയേയും ജാതിവ്യവസ്ഥയേയും ഭഗവദ്ഗീതയേക്കാൾ നഗ്നമായി പ്രകീർത്തിക്കുന്ന ഈ 'അനുഗീത'തന്നെ വ്യക്തമാക്കുന്നതു് ഭഗവദ്ഗീതയെക്കുറിച്ചുള്ള ധാരണകളിൽ കാലാന്തരത്തിൽവന്ന മാറ്റങ്ങളാണ് പിന്നെയും ഗീതകളുണ്ടായി അനവധി–ഭഗവദ്ഗീതയുടെ അനുകരണങ്ങളും സംഗ്രഹങ്ങളും വിശദീകരണങ്ങളും മറ്റുമായി. അവയിൽ 16 എണ്ണമെങ്കിലും പൂർണരൂപത്തിൽ പൂണെ ഇൻസ്റ്റിറ്റ്യൂട്ടുകാർ തേടിപ്പിടിച്ചു സൂക്ഷിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഭഗവദ്ഗീത മാത്രം അചുംബിതമായ കന്യകാവിശുദ്ധിയോടെ തലമുറകളും ശതകങ്ങളും പിന്നിട്ട് നമുക്ക് കൈവന്നിരിക്കുന്നു എന്ന് ശാസ്ത്രീയ പഠനത്തോട്ട് തെല്ലും മതിപ്പില്ലാത്ത അന്ധവിശ്വാസികൾക്ക് മാത്രമെ കരുതാനാവൂ.

വൈരുധ്യങ്ങളും വൈവിധ്യങ്ങളും

ഭഗവദ്ഗീതക്കും മഹാഭാരതത്തിന്റെ മറ്റു ഭാഗങ്ങളെപ്പോലെ വികാസപരിണാമങ്ങളും കൂട്ടിച്ചേർക്കലുകളും ചെത്തിക്കളയലുകളും എല്ലാം സംഭവിച്ചിട്ടുണ്ട് എന്നതിനു് ഈ പുറംതെളിവുകൾ മാത്രമല്ല ഉൾത്തെളിവുകളും ഉണ്ട്.ഗീതയിലെ ഭാഷയുടെയും സ്വരത്തിന്റേയും കാവ്യ

ഭംഗിയുടെയും നിലവാരവ്യത്യാസങ്ങളും പരിശോധിച്ച് അവ ഒരിക്കലും ഒരു കർത്താവിന്റെ കൃതിയാവാനിടയില്ലെന്ന് പല പണ്ഡിതന്മാരും സമർഥിച്ചിട്ടുണ്ട്. ശൈലിയുടെയും ഭാഷകളുടേയും വൈവിധ്യങ്ങളെക്കാൾ മുന്നിൽ നിൽക്കുന്നതാണ് ഗീതയിലെ ഉള്ളടക്കത്തിലെ പരസ്പരവൈരുധ്യങ്ങൾ. ഗീതയോടും കൃഷ്ണനോടും ഉള്ള ഭക്തിയിൽ ആരുടേയും പിന്നിലല്ലാത്ത മഹാരാഷ്ട്ര പണ്ഡിതൻ ജി എസ് ഖൈർ എഴുതുന്നു:

> ''ഒരു പ്രത്യേക വിഷയമെടുത്ത് ചർച്ചചെയ്യുന്നതിനിടയിൽ പെട്ടെന്ന് പദപ്രയോഗങ്ങൾ മാറുന്നു. അങ്ങനെ വിഷയംതന്നെ മാറിയെന്ന തോന്നലുണ്ടാക്കുന്നു. രണ്ടാം അധ്യായത്തിന്റെ അവസാനഭാഗത്ത് 'ബുദ്ധി' 'ബുദ്ധിയോഗ' 'ബുദ്ധിയുക്ത' എന്ന പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഉടൻതന്നെ പ്രജ്ഞ, സ്ഥിതപ്രജ്ഞ, സമാധിസ്ഥ, സമാധി എന്നീ പദങ്ങൾ പ്രത്യപ്പെടുന്നു..... ഒരേ പദത്തിന്റെ അർഥം തന്നെ പുസ്തകത്തിന്റെ ഒരു ഭാഗത്തുള്ളതിനേ വ്യത്യസ്തമായി മറെറാരിടത്ത് വിവക്ഷിച്ചിരിക്കുന്നതായി കാണാം. അതുമൂലം 'ബ്രഹ്മൻ' 'പുരുഷ' 'പ്രകൃതി' 'യോഗ' 'ബുദ്ധി' എന്നിവ പലതരത്തിൽ വ്യാഖ്യാനിക്കേണ്ടതായി വന്നുകൂടുന്നു. വിവിധോദ്ദേശങ്ങളോടെ പദങ്ങൾ മാറിമാറി പ്രയോഗിക്കുന്നതിനു് എന്തെങ്കിലും കാരണം കണ്ടേതീരൂ'' (കൊസ്റ്റ്ഫോർ ഒറിജിനൽ ഗീത, സോമയ്യ പബ്ളിക്കേഷൻസ് ബോംബെ, 1969).

ഇതുപോലെ അനവധി ഉദാഹരണങ്ങൾ നിരത്തുന്ന ഖൈർ, ഗീത മൂന്നു ഘട്ടങ്ങളിലായി മൂന്നു ഗ്രന്ഥകാരന്മാർ

രചിച്ചവരുടെ സമുച്ചയമാണെന്നു് സ്ഥാപിക്കുകയും ഈ മൂന്നു ഭാഗങ്ങളും വേർതിരിച്ചറിയത്തക്കവിധം മൂന്നു നിറങ്ങളിൽ അച്ചടിക്കുകയും ചെയ്തിരിക്കുന്നു. ഉള്ളടക്കത്തിലുള്ള വ്യത്യാസങ്ങളും അദ്ദേഹം കണക്കിലെടുക്കുന്നുണ്ടു്. ഉള്ളടക്കത്തിലെ ഈ അവസാനമില്ലാത്ത വൈരുധ്യങ്ങളും വൈവിധ്യങ്ങളും അനേകം ഭാരതീയരും വിദേശീയരുമായ ഗവേഷകർ ചൂണ്ടിക്കാട്ടിയിട്ടുണ്ടു്. ഉദാഹരണങ്ങൾ:

ആർതർ ബറിഡിയൽ കെയ്ത്തിന്റെ അഭിപ്രായത്തിൽ ഗീത ആദ്യം 'ശ്വേതാശ്വതരം' പോലൊരു ഉപനിഷത്തായിരുന്നു. പിന്നീടു് കൃഷ്ണഭക്തി പ്രസ്ഥാനം വികസിപ്പിച്ചപ്പോൾ അതിനനുസരിച്ചു് അതു മാറ്റിയെടുക്കുകയാണുണ്ടായതു്.

ഇന്നത്തെ രൂപത്തിൽ കിട്ടിയിട്ടുള്ള ഗീത അതിന്റെ മൂലരൂപത്തിൽനിന്നും തികച്ചും വ്യത്യസ്തമാണെന്നു് റൂഡോൾഫ് ഓട്ടോ കരുതുന്നു. മൂലഗീത ഒരു സൈദ്ധാന്തിക കൃതിയോ ഭക്തിമതപ്രബന്ധമോ ഒന്നും ആയിരുന്നില്ല. അതെല്ലാം പിന്നീടു വന്ന മാറ്റങ്ങളും ചേർക്കലുകളുമാണു്. കുരുക്ഷേത്ര കുരുക്ഷേത്ര രംഗത്തു് അർജ്ജുനനു് നേരിട്ട വൈകൃബ്യം പരിഹരിക്കാൻ കൃഷ്ണൻ നൽകിയ ലളിതമായ ഉപദേശങ്ങളും ഉത്തേജനങ്ങളുമായിരുന്ന മൂല ഗീത എന്നു് അനുമാനിക്കാൻ ന്യായമുണ്ടു്. (മൂലഗീത)

റിച്ചാർഡ്ഗാർ ബെയുടെ അഭിപ്രായത്തിൽ സാംഖ്യയോഗപരാമർശങ്ങളും ഭക്തിമാർഗസമർഥനവും മൂലഗീതയിലുണ്ടായിരുന്നിരിക്കാം. എന്നാൽ മീമാംസയും വേദാന്തവും മറ്റും പിന്നീടു് കൂട്ടിച്ചേർത്തതാണു്. മൂലരൂപത്തിൽ സാംഖ്യ യോഗത്തെ അടിസ്ഥാനപ്പെടുത്തിയ കൃഷ്ണഭക്തി മാർഗമാണു് ഉപദേശിച്ചിരുന്നതെങ്കിൽ പിൽ

ക്കാല പ്രക്ഷിപ്തത്തിൽ വേദാന്തംകൂടി തിരുകിക്കയററി. (ഭഗവദ്ഗീതക്കൊരു മുഖവുര)

ജീവിതകാലം മുഴവൻ ഗീത പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുപോന്ന മറാഠികേതപണ്ഡിതൻ ജി. വി. കെത്കറുടെ അഭിപ്രായത്തിൽ ഗീതയ്ക്ക് ചുരുങ്ങിയതു് മൂന്നു്, ഒരു പക്ഷേ അതിലേറെ കർത്താക്കൾ ഉണ്ടായിരുന്നു.

ഗീതയുടെ ശാസ്ത്രീയ പഠനത്തിലെ ആദ്യപഥികരിലൊരാളായ ജസ്റ്റീസു് കെ. ടി. തെലാങ്ങ് ഒരിക്കലും പരസ്പരം പൊരുത്തപ്പെടാത്ത പല ഗീതാ ഭാഗങ്ങളും തന്റെ കൃതിയിൽ അക്കമിട്ടു നിരത്തുന്നു. (ഭഗവദ്ഗീത).

പ്രാചീന ഭാരതീയ ഭൗതിക ചിന്താധാരയിൽ കപിലമുനിയുടെ സാംഖ്യദർശനത്തിനു് വലിയ പങ്കുണ്ടു്. കപിലനെ 'സിദ്ധരിൽ സിദ്ധനാ'യി വാഴ്ത്തുന്ന കൃഷ്ണൻ സാംഖ്യദർശന സമർഥനത്തിനായി അനേകം ശ്ലോകങ്ങളും ചെലവഴിക്കുന്നു. ഒന്നാമത്തെ അധ്യായമായ 'അർജുന വിഷാദയോഗം' ഗീതയിലെ സംവാദത്തിന്റെ രംഗമൊരുക്കൽ മാത്രമാണല്ലോ. അതുകൊണ്ടു് യഥാർഥമായ അധ്യാപന ഭാഗം രണ്ടാം അധ്യായമായ 'സാംഖ്യയോഗ'ത്തിലാണു് ആരംഭിക്കുന്നതു്. ഇന്ത്യയിലെ ഏറ്റവും പ്രാചീനമായ സിദ്ധാന്ത പദ്ധതികളിൽ പ്രമുഖമായ 'സാംഖ്യ'ത്തിൽ നിന്നുതന്നെ ഗീത തുടങ്ങുന്നു. മറ്റധ്യായങ്ങളിലും ഇതിന്റെ പ്രതിധ്വനികൾ കേൾക്കാം. എന്നാൽ അതിലുറച്ചുനിൽക്കാൻ ഗീതകാരനു് കഴിയുന്നില്ല എന്നു് കെ. ദാമോദരൻ ചൂണ്ടിക്കാട്ടുന്നു:

> ''ഗീതയിൽ ഒന്നിലധികം സ്ഥലങ്ങളിൽ സാംഖ്യത്തെപ്പററി പ്രതിപാദിക്കുന്നുണ്ടെന്നതു് ശ

രിതന്നെ. സാംഖ്യസൂത്രങ്ങളുടെ കർത്താവായ കപിലനു് ബഹുമാന്യമായ സ്ഥാനം കല്പിക്കപ്പെട്ടിട്ടുണ്ടു് എന്നതും ശരിതന്നെ. പക്ഷേ ഗീതാകർത്താവിന്റെ കയ്യിലെത്തിയപ്പോഴേക്കും സാംഖ്യദർശനം ആത്മീയവാദമായി മാറിക്കഴിഞ്ഞിരുന്നു. പ്രകൃതി അല്ലെങ്കിൽ ഭൗതിക സത്ത അനാദിയും അനശ്വരവുമാണെന്നും എല്ലാം പ്രകൃതിയിൽ നിന്നാണു് പരിണമിച്ചുണ്ടായതു് എന്നും ഒരിടത്തു് സമ്മതിക്കുമ്പോഴും തന്നെ മറ്റൊരിടത്തു് എല്ലാറ്റിന്റേയും — അചേതന പ്രകൃതിയുടെ എന്നപോലെ സചേതന പ്രകൃതിയുടെയും — സൃഷ്ടികർത്താവു് ശ്രീകൃഷ്ണൻ അല്ലെങ്കിൽ പരമാത്മാവു് ആണെന്നും എല്ലാം ഒടുവിൽ പരമാത്മാവിൽ ലയിക്കുമെന്നും പ്രഖ്യാപിക്കുന്നു. (ഭ. ഗീ. VII, 6) 'ലോകത്തിന്റെ കർതൃത്വത്തെയും കർമങ്ങളെയും നിർണയിക്കുന്നതു് ദൈവമല്ല, കർമങ്ങളെ അവയുടെ ഫലങ്ങളുമായി യോജിപ്പിക്കുന്നതും ദൈവമല്ല എല്ലാ പ്രവർത്തനങ്ങളും സ്വാഭാവികമായിട്ടാണു് നടക്കുന്നതു്' എന്നും ഒരിടത്തു് പറയുന്നു. അതേസമയത്തു് എല്ലാറ്റിനും പ്രചോദനം നൽകുന്നതു് ദൈവമാണെന്നും പറയുന്നു. 'എല്ലാ തരത്തിലുമുള്ള കർമങ്ങളുടെ അടിസ്ഥാനം പ്രകൃതിയാണെന്നും താൻ (അല്ലെങ്കിൽ തന്റെ ആത്മാവു്) കർത്താവല്ലെന്നും കാണുന്നവനാണു് ശരിക്കു് കാണുന്നവൻ (V,14) എന്നും ആത്മാവു് ഭൗതികമായ ശരീരത്തിൽ മാത്രമാണു് സ്ഥിതിചെയ്യുന്നതെന്നും സത്വ രജസ്തമോഗുണങ്ങളുടെ സ്വാ

ധീനത്താൽ അതു് ബന്ധിക്കപ്പെട്ട കിടക്കുന്നു' (XIV, 5) എന്നും ഒരിടത്തു് പ്രസ്താവിക്കുമ്പോഴും മറെറാരിടത്തു് ഭൗതികമായ യാതൊരു മാധ്യമത്തിൻെയും സഹായം കൂടാതെ നിലനിൽക്കുന്ന ആത്മാവിനെപററിയുള്ള പ്രാകൃതവിശ്വാസത്തെ പുനരുദ്ധരിക്കുന്നു.'' (ഭാരതീയ തത്വചിന്ത, 231-2)

ശങ്കരൻെറ വികല്പവും വിധിയും

ഇതുപോലെ ഗീതാഭക്തരെയും ആദിശങ്കരനുംപ്പെടെയുള്ള വ്യാഖ്യാതാക്കളെയും വളരെ വെള്ളം കുടിപ്പിച്ചിട്ടുള്ള പ്രശ്നമാണു് ജ്ഞാനവും കർമവും തമ്മിലുള്ള ബന്ധം. ജ്ഞാനകർമ സമുച്ചയത്തിൽ വിശ്വസിക്കുന്ന മാർക്സിസത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണതു്. ഗീത വായിക്കുന്ന ഒരു സാധാരണക്കാരനെന്നപോലെ ജ്ഞാബുദ്ധിയായ പണ്ഡിതനും തോന്നുക ഗീത അകർമണ്യതയെ ത്യജിച്ചു് കർമണ്യതക്കു് മുൻതൂക്കം കൊടുക്കുന്ന ഒരു കൃതിയാണെന്നത്രെ. കുലധർമം, ബന്ധുജന സ്നേഹം എന്നിവയാൽ പീഡിപ്പിക്കപ്പെട്ടു് കർമവിമുഖനായി ആയുധം താഴത്തു് വെച്ച അർജ്ജുനനെ കർമോന്മുഖനാക്കി പടവെട്ടിക്കാനാണല്ലോ കൃഷ്ണൻ ഈ ഭഗീരഥ പ്രയത്നമെല്ലാം ചെയ്തതു്. യുദ്ധത്തിൽ അനിവാര്യമായ ജീവഹാനിയും വേദനയും ഒന്നും കണക്കാക്കേണ്ടതില്ലെന്നും സർവത്തിനും ഉപരി ധർമാനുഷ്ഠാനമാണു് കർത്തവ്യമെന്നും ക്ഷത്രിയൻെറ ധർമാനുഷ്ഠാനം യുദ്ധം വെട്ടലാണെന്നും മറും ഉജ്വലമായി ഉൽബോധിപ്പിക്കുകയാണല്ലോ കൃഷ്ണൻ. യുക്തിവാദവും ദാർശനിക വ്യാഖ്യാനവുമൊന്നും ഉതകാ

തെ വന്നപ്പോൾ അർജ്ജുനന്റെ ആത്മാഭിമാനബോധത്തെപ്പോലും തട്ടിയുണർത്തി ലക്ഷ്യം സാധിക്കാൻ കൃഷ്ണൻ മടിക്കുന്നില്ല. അതും ഫലപ്രദമാകുന്നില്ലെന്നു് കണ്ടപ്പോൾ സ്വന്തം വാപിളർന്നു് 'വിശ്വരൂപം' പ്രകടിപ്പിച്ചു് ഭയപ്പെടുത്തി അർജ്ജുനനെ അസ്തപ്രജ്ഞനാക്കി കർമരംഗത്തേക്കു് കൃഷ്ണൻ തള്ളുന്നു. പക്ഷേ രണ്ടാം അധ്യായത്തിന്റെ അവസാനം ജ്ഞാനയോഗം മറ്റെല്ലാ മാർഗങ്ങളെയുംകാൾ മോക്ഷപ്രാപ്തിക്കു് ഉത്തമമാണെന്നു് കൃഷ്ണൻ പ്രഖ്യാപിക്കുമ്പോൾ ഒന്നാം അധ്യായത്തിൽ അർജ്ജുനൻ പ്രകടിപ്പിച്ച സംശയങ്ങൾ ദൂരികരിക്കുകയല്ല, സ്വാഭാവികമായും ശങ്കതിപ്പെടുകയാണു് ചെയ്തതു്. നേർബുദ്ധികളായ ഏവരും ചോദിക്കുന്ന ചോദ്യം അർജ്ജുനൻ കൃഷ്ണന്റെ നേരെ ഹൃദയസംപൂക്കായ ഭാഷയിൽ തൊടുത്തുവിടുന്നു;

ജ്യായസീ ചേൽ കർമ്മണസ്തേ
മതാബുദ്ധിർജ്ജനാർദന
തൽകിം കർമ്മണി ഘോരേമാം
നിയോജയസി കേശവ?

(III 1)

(അല്ലയോ ജനാർദന, കർമത്തേക്കാൾ ജ്ഞാനമധികം ശ്രേഷ്ഠമെന്നാണു് അങ്ങയുടെ അഭിപ്രായമെങ്കിൽ പിന്നെ, ഹേ കേശവ, എന്തിനാണു് എന്നെക്കൊണ്ടു് ഹിംസാത്മകമായ കർമത്തെ ചെയ്യിപ്പിക്കുന്നതു്?)

വ്യാമിശ്രേണ വാക്യേന
ബുദ്ധിം മോഹയസീവമേ
തദേകം വദ നിശ്ചിത്യ
യേന ശ്രേയോഹ മാപ്നുയാം

(III·2)

അർഥം: സംശയത്തെ ഉണ്ടാക്കുന്നപോലെയുള്ള അവ്യക്തവാക്യങ്ങൾകൊണ്ട് എന്റെ ബുദ്ധിയേ അങ്ങ് മോഹിപ്പിക്കുന്നു. അതിനാൽ യാതൊന്ന് കൊണ്ട് ഞാൻ മോക്ഷത്തെ പ്രാപിക്കുമോ അതു് നിശ്ചിതമായി പറഞ്ഞുതന്നാലും.

കൃഷ്ണന്റെ പദപ്രയോഗങ്ങളെയും വാങ്ങളെയും കുറിച്ച് അന്നു് അർജ്ജുനനു് തോന്നിയതു് തന്നെയാണു് മേലുദ്ധരിച്ച പണ്ഡിതന്മാർക്കു് പിൽക്കാലത്തും തോന്നിയതു്.

എന്നാൽ ഒന്നിന്റെ മുമ്പിലും ചൂളുന്നവനല്ലല്ലോ കൃഷ്ണൻ. ചാട്ടളിപോലെ ജ്ഞാനയോഗത്തിൽനിന്നും കർമയോഗത്തിലേക്കു് അദ്ദേഹം മെയ്വഴക്കത്തോടെ കൃതിക്കുന്നു. സാംഖ്യന്മാർക്കു് ജ്ഞാനയോഗവും യോഗികൾക്കു് കർമയോഗവും വിധിച്ചതായി താൻ മുന്നധ്യായത്തിൽ വിവരിച്ചതെല്ലാം ഓർമിപ്പിച്ചിട്ടു് കൃഷ്ണൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

> ന കർമണാമനാരംഭാ-
> ന്നൈഷ്കർമ്യം പുരുഷോ/ശ്നുതേ
> ന ച സംന്യസനാദേവ
> സിദ്ധിം സമധി ഗച്ഛതി
>
> (III.4)

(ഒരുവൻ കർമങ്ങളെ അനുഷ്ഠിക്കാതിരുന്നാൽ ജ്ഞാനത്തെ പ്രാപിക്കുന്നില്ല. ചിത്തശുദ്ധി കൂടാതെ കർമത്തെ തീരെ ഉപേക്ഷിച്ചാൽ മോക്ഷത്തെ പ്രാപിക്കുന്നതുമില്ല.)

''കർമയോഗം'' എന്ന മൂന്നാം അധ്യായത്തിൽ പല തരത്തിലും ശൈലിയിലും ഇതു് അദ്ദേഹം ആവർത്തിക്കുന്നു. എന്നാൽ കർമയോഗത്തെ തിരസ്കരിക്കുകയും ജ്ഞാനയോഗത്തെമാത്രം മുറുകെ പിടിക്കുകയും ചെയ്യുന്ന ശങ്കരാചാര്യർക്കു് ഇതു് തീരെ ദഹിക്കുന്നില്ല. ശങ്കരന്റെ ധർമ സങ്കടവും ആശ്വാസശ്രമവും ഈ വ്യാഖ്യാനത്തിൽനിന്നു് വ്യക്തമാവും.

> 'ഒരു പുരുഷാർഥത്തിനായിക്കൊണ്ടു് ഒരേ പുരുഷനിൽത്തന്നെ ജ്ഞാനവും കർമവും അനുഷ്ഠിക്കണമെന്നാണു് ഗീതയിൽ ഭഗവാൻ ഇതേവരെ ഉപദേശിച്ചിട്ടുള്ളതും ഇനി ഉപദേശിക്കാൻ പോകുന്നതുമെങ്കിൽ, വേദങ്ങളിൽ പറയപ്പെട്ടിട്ടുള്ളതും ഭഗവാന്റെ അഭിപ്രായവും അപ്രകാരംതന്നെയാണു് എങ്കിൽ പിന്നെ എങ്ങിനെയാണു് ഭഗവാൻ, തന്നെ ആശ്രയിച്ചിരിക്കുന്ന പ്രിയശിഷ്യനായ അർജുനനായിക്കൊണ്ടു് കർമം, ജ്ഞാനം എന്ന രണ്ടു് നിഷ്ഠകളെ രണ്ടു് പ്രത്യേക അധികാരികൾക്കായിട്ടെന്നിങ്ങനെ ഉപദേശിച്ചതു്? അല്ലെങ്കിൽ, 'ജ്ഞാനത്തേയും കർമത്തേയും രണ്ടിനേയും കേട്ടിട്ടു് അർജുനൻ സ്വയമായി രണ്ടിനേയും ഒന്നിച്ചു് അനുഷ്ഠിച്ചുകൊള്ളും. എന്നാൽ അന്യന്മാർക്കു് അവ ഭിന്ന പുരുഷന്മാരാൽ അനുഷ്ഠിക്കപ്പെടേണ്ടതാണു് എന്നു് ഉപദേശിച്ചുകൊള്ളാം' എന്നാണു് ഭഗവന്മതമെന്നു് കല്പിക്കുന്നെങ്കിൽ അതും ശരിയല്ല. എന്തെന്നാൽ അപ്പോഴും ഭഗവാൻ രാഗദ്വേഷാദികളോടുകൂടിയവനായും തന്നിമിത്തം പ്രമാണമല്ലാതായും കല്പിക്കേണ്ടിവരും. അതും യുക്തമല്ല. അതിനാൽ യാതൊരു യുക്തികൊണ്ടും ജ്ഞാനകർമസമുച്ചയം പാടുള്ളതല്ല.''

വിവർത്തനം പ്രസിദ്ധനായ കെ. എം. നെറ്റാണു്. (വടക്കേ കുറുപ്പത്തു് കിഴക്കെ ശ്രാച്ചി കുഞ്ഞൻ മേനോൻ) തെറ്റാവാൻ വഴിയില്ലല്ലോ. ഇവിടെ ശങ്കരൻ

കർമത്തേക്കാൾ മേലെ ജ്ഞാനം എന്ന സ്വമതസ്ഥാപനം സാധിക്കുന്നതു് എന്തിനെന്നു് കാണുക. ഗീതയിൽ കൃഷ്ണൻ പറയുന്നതിലെ വൈരുദ്ധ്യങ്ങൾ സമർത്ഥമായി എടുത്തുപയോഗിച്ചാണു് ശങ്കരൻ കർമ സിദ്ധാന്തത്തെയും ജ്ഞാനകർമ സമുച്ചയത്തെയും തിരസ്കരിക്കുന്നതു്. കൃഷ്ണൻ ഇവിടെ കർമത്തിന്റെ അനുപേക്ഷണീയതയെ ശക്തമായി ആവർത്തിക്കുമ്പോൾ ശങ്കരൻ കുർമബുദ്ധിയായ താർക്കികനെയോ അഭിഭാഷകനെയോ പോലെ അദ്ദേഹത്തിന്റെ വാദമേഖലയിലാകെ പരതി പഴുതുകൾ കണ്ടുപിടിക്കുകയാണു്. തന്റെ വാദം തെറ്റാണെങ്കിൽ കൃഷ്ണൻ രാഗദ്വേഷാദികൾക്കടിമയാണെന്നു വരും. അതു് പാടില്ലല്ലോ. അതുകൊണ്ടു് ഒന്നുകിൽ കൃഷ്ണൻ രാഗദ്വേഷാദികൾക്കു് വിധേയനാണു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ വാദം സാധുവല്ല. അല്ലെങ്കിൽ എന്റെ വചനമാണു് സാധു, കൃഷ്ണന്റെ വചനത്തെ അങ്ങനെ വ്യാഖ്യാനിക്കുകയേ തരമുള്ള. അധ്യാരോപം എന്ന കൃത്യത്തിലാണു് ശങ്കരൻ ഇവിടെ ഏർപ്പെട്ടിട്ടുള്ളതു്. പക്ഷേ ഗീതയാകെ പരിശോധിച്ചാൽ അതിനു് പഴുതില്ല എന്നു പറഞ്ഞുകൂടാ.

ഒരുപക്ഷെ ഭഗവദ്ഗീതയുടെ ഈ ദുർബലത്യം തന്നെയാണതിന്റെ കരുത്തും എന്നു തോന്നുന്നു. അനേകനൂറ്റാണ്ടുകളായി അനേകതരം ആൾക്കാരെ അരിശംകൊള്ളിക്കുകയും ആവേശഭരിതരാക്കുകയും ചെയ്യാനുള്ള സിദ്ധിവിശേഷം ഗീതക്കു് കൈവന്നതു് ഈ വൈരുദ്ധ്യങ്ങളും വിവിധ ചിന്താഗതികളുടെ സമന്വയവും എങ്ങനെയും ആർക്കും വ്യാഖ്യാനിക്കാൻ ഉതകുന്ന തരത്തിലുള്ള പദവാക്യ പ്രയോഗങ്ങളുമാണു്— അർജുനന്റെ ഭാഷയിൽ വ്യാമിശ്രമായ വാക്യങ്ങൾ സർ ദേസായി പറയുന്നു.

''ആദിശങ്കരാചാര്യൻ ഗീതയിൽ കണ്ടെത്തിയതു് ആത്മജ്ഞാനത്തിന്റെയും സന്ന്യാസത്തിന്റെയും സന്ദേശമാണു്. ചൈതന്യൻ, ജ്ഞാനേശ്വരൻ തുടങ്ങിയ പ്രശസ്ത ഭക്തകവികൾക്കാകട്ടെ ഗീതയെന്നാൽ ഭക്തി

യെന്നർഥമായി—പ്രേമത്തിലും ഭക്തിയിലും ആണ്ടിറങ്ങി ദൈവത്തിനു മുമ്പിൽ നിരുപാധികം കീഴടങ്ങുക. തിലകനെ സംബന്ധിച്ചിടത്തോളം ഫലേച്ഛ കൂടാതെയുള്ള കർമയോഗമാണ് ഗീതയിൽ പ്രതിഫലിച്ചതു്. ദുഷ്ടനോടു് ദുഷ്ടനെന്ന നാണയത്തിൽതന്നെ പ്രതിക്രിയ ചെയ്യുക എന്ന ശാഠ്യത്തോടു് 'ശാഠ്യം' എന്ന സിദ്ധാന്തവും ഗീത അദ്ദേഹത്തെ പഠിപ്പിച്ചു. നേരെ മറിച്ചു് മഹാത്മാ ഗാന്ധിയുടെ, ഗീത എന്നാൽ സത്യമാണു്. ഹിംസയെപ്പറ്റി ചിന്തിക്കപോലും ചെയ്യാതെ തിന്മയോടുള്ള പോരാട്ടവും.

''അത്യന്തം വിചിത്രമെന്നു പറയട്ടേ, ബ്രിട്ടീഷു് ഭരണാധികാരികളും അവരുടെതായ രീതിയിൽ ഗീതയുടെ അനുകൂലികളായിരുന്നു. യാതൊരു ഭൗതികയത്നത്തിനും മുതിരാത്തവരും അതുകൊണ്ടു രാഷ്ട്രീയാധികാരപ്രാപ്തിക്കു് അയോഗ്യരും ആകത്തക്കവിധം ഇന്ത്യക്കാർ പരലോക പ്രണയികളും ആത്മീയവാദികളുമാണെന്ന നിഗമനത്തിൽ അതവരെ എത്തിച്ചു.

''ഇനിയും വേറെ ചിലരുണ്ടു്. ഗോഹത്യവാൽക്കർ: മുസ്ലീങ്ങളും വിദേശികളാണെന്നും അതുകൊണ്ടു് രണ്ടും മൂന്നും മാസം കൂടുമ്പോഴെങ്കിലും അവർ ആസൂത്രിതമായി വധിക്കാൻ അർഹരാണെന്നും അതേ ഗീത അദ്ദേഹത്തെ പഠിപ്പിച്ചതു്. ഈ മഹനീയ പൈതൃകം ദേവരസു് മുമ്പോട്ടു കൊണ്ടുപോകുന്നു! ഗീതവചനപ്രകാരം ശൂദ്രരും സ്ത്രീകളും പാപയോനികളാകയാൽ (പാപത്തിൽ ജനിച്ചവർ) വെറുക്കപ്പെടേണ്ടവരാണെന്നു് ഇന്നു് ജീവിച്ചിരിക്കുന്ന ഒരു ശങ്കരാചാര്യൻ പൂണെയിൽ അടുത്തയിടെ പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെല്ലാമുപരി, രജനീഷിനെയും കൃഷ്ണാകോൺഷ്യസു് സൊസൈറ്റിക്കാരെയും ഈ സ്വർഗസംഗീതം പഠിപ്പിക്കുന്നതു് ഉഛ്വംഖലമായ ലൈംഗീകജീവിതം നിഷിദ്ധമല്ലെന്നാണു്.''

എന്നാൽ സകലമാനപേർക്കും അവരാഗ്രഹിക്കുന്ന

തെല്ലാം നൽകുന്നു എന്നു് തോന്നുന്ന ഗീത ചില കാര്യങ്ങളിൽ അചഞ്ചലമാണു് എന്നു് കൊസാമ്പി ചൂണ്ടിക്കാട്ടുന്നു.

''ഈ മുഖ്യനിഗമനത്തിലാണു് നിശ്ചിതമായി നാം എത്തിച്ചേരുക: ലക്ഷ്യദാർഢ്യമുള്ള ഏതൊരാശയും വർഗ വ്യവസ്ഥയുടെ സാധുത നിരാകരിക്കാതെ ഏതർഥവും ഗീതയിൽ കണ്ടെത്താൻ കഴിയും അംഗീകൃതമായ ബ്രാഹ്മണസമ്പ്രദായങ്ങളെ അധികരിക്കാതെ, ഓരോകാലത്തു് ബ്രാഹ്മണർ ആശ്രയിക്കേണ്ടിവന്ന ഭരണവർഗത്തിലെ ഏതെങ്കിലും ചില വിഭാഗങ്ങൾക്കു് അനുചിതമായ സാമൂഹ്യപ്രവർത്തനങ്ങൾ നടത്താൻ ഉതകുന്നതും അതിനു് ന്യായീകരണം കണ്ടെത്താൻ കഴിയുന്നതും ആവേശം നൽകുന്നതുമായ ഒരേയൊരു മതഗ്രന്ഥമായിരുന്നു ഗീത.''

1982-ലെ ''ചിന്ത മെയ്ദിനപ്പതിപ്പി''ൽ എങ്ങിനെയാണു് ഗീതാകാരൻ ജാതിവ്യവസ്ഥയെ ന്യായീകരിച്ചതെന്നും വർണസങ്കരത്തെ ആപത്തായി കണ്ടതെന്നും വിവരിച്ചിരുന്നുവല്ലോ (അടുത്ത അധ്യായം കാണുക) നിലവിലുള്ള വ്യവസ്ഥയെ വെല്ലുവിളിക്കാൻ സഹായിക്കുന്ന ചില ഒറ്റപ്പെട്ട ശ്ലോകങ്ങളും പരാമർശങ്ങളും അങ്ങിങ്ങായി ഗീതയിൽ കാണാമെങ്കിലും ബുദ്ധിമാനായ ഒരാശയും നേരെ മറിച്ചും വ്യാഖ്യാനിക്കാമെന്നു് മഹാനായ ശങ്കരൻ തന്നെ നമുക്കു് കാണിച്ചു തന്നിരിക്കുന്നു. ഇന്നു് ഇന്ത്യയിലെ വർഗീയവാദികളും യാഥാസ്ഥിതികരും കുത്തകമുതലാളിമാരുടെ പൊതുജന സമ്പർക്കപരിപാടിക്കാരും ശങ്കരന്റെ മാർഗം പിന്തുടർന്നു് ഗീതയെ പുരോഗതിക്കെതിരായ ആയുധമായി ഉപയോഗിക്കുന്നു. തൊഴിലാളിവർഗത്തിന്റെയും ജനാധിപത്യവാദികളുടെയും മതേതര വിശ്വാസികളുടെയും കർത്തവ്യം പ്രാതഃസ്മരണീയനായ ഡി ഡി കൊസാമ്പി ചൂണ്ടിക്കാണിച്ചുന്ന വഴിയെ ചരിക്കുകയാണു്.

അദ്ധ്യായം II

ഗീതയും ജാതിയും മതവും

1982 ഏപ്രിൽ 4-നു് എറണാകുളത്തു് നടന്ന വിശാലഹിന്ദു സമ്മേളനത്തിന്റെ മുഖ്യ സംഘാടകനും ആർ. എസ്. എസ്. ആചാര്യനുമായ പി. പരമേശ്വരൻ കേരളത്തിലെ ചില ജില്ലകളിൽ ഭൂരിപക്ഷമായിത്തീരുക എന്ന ധിക്കാരവും വകതിരിവുകേടും കാട്ടിയ മുസ്ലിമ് ങ്ങളോടും ക്രിസ്ത്യാനികളോടും എന്നപോലെ കമ്യൂണിസത്തോടും ഒരു യുദ്ധപ്രഖ്യാപനം നടത്തിയിരിക്കുകയാണു്, "ഹിന്ദുധർമവും കമ്യൂണിസവും" എന്ന ഒരു ലഘുലേഖവഴിയാണു് തന്റെ വിശുദ്ധയുദ്ധത്തിലെ ആദ്യത്തെ ഉണ്ടയില്ലാവെടി അദ്ദേഹം പൊട്ടിച്ചിരിക്കുന്നതു് എന്നു് കാണുന്നു. ഇന്ത്യൻ കമ്യൂണിസ്റ്റ്കാരം മതത്തോടു് തുറന്ന യുദ്ധം പ്രഖ്യാപിച്ചിട്ടില്ല". എന്നു പരമേശ്വരൻ സമ്മതിക്കുന്നുണ്ടെങ്കിലും തന്റെ യുദ്ധത്തിൽ അയവുവരുത്താൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല. പക്ഷേ ഈ തുറന്ന യുദ്ധത്തിനായി പരമേശ്വരൻ തന്റെ ആവനാഴിയിൽ കരുതിയിരിക്കുന്ന തുരുമ്പിച്ച അമ്പുകൾ അദ്ദേഹത്തെപ്പോലെ പക്വതയും പാണ്ഡിത്യവും ഉള്ള ഒരാളിൽനിന്നു് പ്രതീക്ഷിക്കത്തക്കതല്ല.

"ചിന്ത" വാരികയിലെ ഒരു കുറിപ്പിൽ ഭഗവദ് ഗീതയെപ്പറ്റി പരാമർശിക്കുമ്പോൾ ആ മഹദ്ഗ്രന്ഥം അത്ര പൂർണമായൊന്നും താൻ ഹൃദിസ്ഥമാക്കിയിട്ടില്ല എന്നു് സഹജമായ വിനയത്തോടെ പ്രസ്താവിക്കുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാടിനെ കുറിച്ചു് അതു് കമ്പോടു് കമ്പു് പാടിച്ചു് സർവജ്ഞപീഠം കയറിയവനെന്ന

ോവേന ആവത്തിച്ചു നടത്തുന്ന പരാമർശങ്ങളും വിമർശകനെപ്പറ്റി മതിപ്പ് വർദ്ധിപ്പിക്കാനല്ല ഉതകുക.

ഇ. എം. എസിന്റെ വാദങ്ങളെ ഖണ്ഡിക്കാൻ ശ്രമിക്കുമ്പോഴൊക്കെ പരമേശ്വരൻ പിൻബലമായി ആശ്രയിക്കുന്ന ഏക വസ്തുത "ഗീത പൂർണമായി പഠിച്ചിട്ടില്ല" എന്ന പ്രസ്താവനയെയാണ്. മാർക്സിന്റെ 'മൂലധന'ത്തെപ്പറ്റി ചോദിച്ചാലും തന്റെ പഠനം പൂർത്തിയായി ഏട്ടുകെട്ടിയിരിക്കുന്നു എന്നു പരമേശ്വരനെപ്പോലെ വീമ്പു പറയുന്ന പ്രകൃതമല്ല നമ്പൂതിരിപ്പാടിന്റേതു്. ഗീതയും ഇതിഹാസങ്ങളും പുരാണങ്ങളും കാവ്യനാടകാദികളും മറ്റും പാണിനിക്കു ശേഷമുള്ള ക്ലാസിക്കൽ സംസ്കൃതത്തിലാണെങ്കിൽ ആ ക്ലാസിക്കൽ സംസ്കൃതത്തോടൊപ്പം പാണിനിക്കു മുമ്പത്തെ വൈദികസംസ്കൃതത്തിലും പാരമ്പര്യമുറയിൽത്തന്നെ അവഗാഹം നേടിയ ആളാണ് താനെന്ന വസ്തുത കൊട്ടിഘോഷിച്ചു് നടക്കേണ്ട കാര്യം ആർ. എസ്. എസ്സുകാരനല്ലാത്തതിനാൽ ഇ. എം. എസിനില്ല.

ഒളിച്ചുകളി

"ചാതുർവർണ്യം മയാസൃഷ്ടം" എന്നു തുടങ്ങുന്ന പ്രസിദ്ധമായ ഗീതാശ്ലോകത്തെ ആസ്പദമാക്കി ഇ. എം. എസ്. പരാമർശിച്ചതിനെ പരിശോധിക്കുന്നതിനു മുമ്പു് നമ്മുടെ വിമർശകനു് പറഞ്ഞ ചില അബദ്ധങ്ങളും ചൂണ്ടിക്കാട്ടട്ടെ. പരമേശ്വരൻ എഴുതുന്നു.

"മതത്തോടുള്ള യാഥാസ്ഥിതിക മാർക്സിസ്റ്റ് സമീപനം വിട്ടുവീഴ്ചയില്ലാത്ത എതിർപ്പിന്റേതായിരുന്നു എന്നു് നാം കണ്ടുകഴിഞ്ഞു. അതിനടിസ്ഥാനമായി അവർ അംഗീകരിച്ചിരുന്ന തത്വം 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്ന

മാർക്സിന്റെ വചനവുമായിരുന്നു. എന്നാൽ ഇതിൽ ഒരൊളിച്ചുകളിയുണ്ടായിരുന്നു. ഈയിടെ അതു് വെളിച്ചത്തുവന്നു. ഒരു ചോദ്യത്തിനുത്തരമായി 'ചിന്ത'വാരികയിലൂടെ നമ്പൂതിരിപ്പാടിനു് തുറന്നു് സമ്മതിക്കേണ്ടിവന്നു. മേൽപ്പറഞ്ഞ കാര്യം മാർക്സിന്റെ വചനം പൂർണമായ സത്യമല്ല. നേരെമറിച്ചു് അദ്ദേഹം മതത്തെപ്പറ്റി പറഞ്ഞതിൽനിന്നു് അടർത്തിയെടുത്ത ഒരു വാചകം മാത്രമാണെന്നു്. മാർക്സു് മതത്തെക്കുറിച്ചെഴുതിയ ഭാഗങ്ങളും നമ്പൂതിരിപ്പാടു് ഉദ്ധരിക്കുകയും ചെയ്തു. അതിന്റെ പ്രസക്തഭാഗം ഇങ്ങനെയാണു്: ''ഈ തലതിരിഞ്ഞ പ്രപഞ്ചത്തെക്കുറിച്ചുള്ള സാമാന്യ വൽകൃത സിദ്ധാന്തമാണു് മതം. അതിന്റെ ഏറ്റവും സംക്ഷിപ്തമായ വൈജ്ഞാനിക രൂപം, അതിന്റെ ഏറ്റവും ജനകീയ രൂപത്തിലുള്ള ന്യായവാദം, അതിന്റെ ധാർമ്മികശക്തി.... അതുകൊണ്ടു് മതത്തിനെതിരായ സമരം പരലോകത്തിനെതിരായ സമരമാണു്. ഈ ലോകത്തിന്റെ ആത്മീയമായ അമൃതാണു് മതം'' (പുറം 10–11).

ഈ ഉദ്ധരണിയിൽ സൗകര്യപൂർവ്വം പരമേശ്വരൻ വിട്ടുകളഞ്ഞ ഭാഗത്തെയോ ഈ മാർക്സിയൻ വിശദീകരണത്തിന്റെ വിവക്ഷയേയോ ഞാനിവിടെ പരിശോധിക്കുന്നില്ല. അതൊക്കെ ഇ. എം. എസ്സിന്റെ ലേഖനത്തിൽ ഉണ്ടല്ലോ. തല്ക്കാലം നമ്മെ ആകർഷിക്കുന്നതു് പരമേശ്വരൻ തുടർന്നു പറയുന്നതാണു്. നോക്കൂ:

''കുറുപ്പാണെന്നു് പറഞ്ഞതിനോടൊപ്പംതന്നെ മതം ഈ ലോകത്തിന്റെ അമൃതമാണെന്നും മാർക്സ് രേഖപ്പെടുത്തിയിട്ടുണ്ടു്. (അർധോദ്ധരണിയുടെ ആപത്തിവിടെകിടക്കട്ടെ ലേ). എന്നാലിതുവരെ ഇന്ത്യയിലെ

മാർക്സിസ്റ്റ് ആചാര്യന്മാർ ഈ പ്രസ്താവനയുടെ ഉത്തരഭാഗം ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചില്ല. കറുപ്പാണെന്ന ഭാഗത്തിനു് ശക്തമായ പ്രചരണം നൽകുകയും ചെയ്തു. എന്തുകൊണ്ടു് ആത്മീയമായ അമൃതാണെന്ന ഭാഗം ഇതുവരെ ഒളിച്ചുവച്ചു? ഇതിപ്പോൾ എന്തുകൊണ്ടു പുറത്തുവിട്ടു'' (പുറം 11)

നമ്പൂതിരിപ്പാടിനെയും സഖാക്കളെയും അടിയറവു പറയിക്കുന്ന ഭയങ്കര ചോദ്യം! അപ്പോൾ പരമേശ്വരനെ പ്രത്യേകം ക്ഷണിച്ചിരുത്തി വായിച്ചു കേൾപ്പിക്കാത്ത മാർക്സിയൻ ഉദ്ധരണികളൊക്കെ കമ്മ്യൂണിസ്റ്റുകാർ ഒളിച്ചു വെച്ചിരിക്കയാണെന്നോ? എന്നാൽ ചുറിപ്പോവുകയേ ഉള്ളു. ഈ ഉദ്ധരണിയും സമാനമായ മറ്റുദ്ധരണികളും അടങ്ങുന്ന ഒന്നിലേറെ പുസ്തകങ്ങൾ (മാർക്സും എംഗൽസും മതത്തെപ്പറ്റി, എംഗൽസ് എഴുതിയ 'ജർമനിയിലെ കർഷകയുദ്ധം') ഞങ്ങൾ കഴിഞ്ഞ 35 വർഷങ്ങളായി ഇംഗ്ലീഷിലും ഇന്ത്യൻ ഭാഷകളിലുമായി വിറ്റുവരുന്നു. ഞങ്ങൾ എഴുതി പ്രസിദ്ധീകരിച്ച പല പ്രബന്ധങ്ങളിലും ഗ്രന്ഥങ്ങളിലും അവ ഉദ്ധരിക്കാറുമുണ്ടു്. പുരാണങ്ങൾ ആദരവോടെയും അതേസമയം വിമർശന ബുദ്ധിയോടെയും വായിച്ചു പഠിക്കണമെന്നു് ഉൽബോധിപ്പിക്കുകയും അവയുടെ ഘടനയും ഉള്ളടക്കവും ചുരുക്കമായി അപഗ്രഥിക്കുകയും ചെയ്യുന്ന ഒരു പ്രബന്ധം എളിയവനായ ഈ ലേഖകൻ കുറെനാൾ മുമ്പു് പ്രസിദ്ധീകരിച്ചിരുന്നു. ആ പ്രബന്ധത്തിൽ ''മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്'' എന്നു് മാത്രമല്ല മാർക്സു് പറഞ്ഞതു് എന്ന പരാമർശം ഇതൊന്നും വായിക്കാൻ മിനക്കെടാത്ത പരമേശ്വരനെപ്പോലെ ആരോ സംശയമായി ഉന്നയിച്ചതിനു് മറുപടിയായിട്ടാണു് ഇ. എം. എസ്. മേൽ ഉദ്ധരിച്ച കുറിപ്പെഴുതിയതു്. ഇതു് ഇ. എം. എസ്. പെട്ടന്നനെ എന്തോ കാര്യസാധ്യത്തിനു വേണ്ടി പുറത്തു വിട്ട ഒന്നായിരുന്നില്ല എന്നു്

അതിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതായിരുന്നു. വെള്ളവും പാലും കലർത്തിക്കൊടുത്താൽ പാൽ മാത്രം അരയന്നം വലിച്ചു കുടിക്കുമെന്നു് പുരാണ സങ്കല്പമുണ്ടല്ലോ. നേരെമറിച്ചു് വെള്ളം മാത്രം വലിച്ചു കുടിക്കുന്ന പ്രകൃതമായിരിക്കണം ചിലർക്കു് എന്നു് തോന്നുന്നു.

കെ. ദാമോദരൻ

അതുപോലെ തന്നെയാണു് മതത്തെക്കുറിച്ചു് കെ. ദാമോദരൻ നടത്തിയ വിശകലനങ്ങളെക്കുറിച്ചും പരമേശ്വരൻ വിലയിരുത്തുന്നതു്. 'ഭാരതീയ തത്വചിന്ത'യിൽ നിന്നു് ദാമോദരനെ പരമേശ്വരൻ ഉദ്ധരിക്കുന്നു:

"ഇതിന്റെ അർത്ഥം മതം അതിന്റെ എല്ലാ രൂപങ്ങളിലും എല്ലാക്കാലത്തും പിന്തിരിപ്പൻ സ്ഥാപിത താല്പര്യക്കാരുടെ ഒരായുധമായിരുന്നെന്നോ അതു മനുഷ്യനെ ചെറുതാക്കുകയും അവന്റെ മഹത്വത്തെ ക്ഷതപ്പെടുത്തുകയും ചെയ്യുന്ന മുഖ്യധാരകളിലൊന്നാണു് എന്നോ അല്ല. മർദിതരും ചൂഷിതരും ആയ ജനവിഭാഗങ്ങൾ അവശതകൾക്കെതിരായി നടത്തിയ ലൗകികസമരങ്ങൾ പലപ്പോഴും മതത്തിന്റെയും ആധ്യാത്മികതയുടെയും ആവരണങ്ങളണിഞ്ഞവയായിരുന്നു. ഭക്തിപ്രസ്ഥാനത്തിൽ ഇതു പ്രകടമായി കാണാം. എല്ലാ മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങളാണെന്നും അതുകൊണ്ടു് എല്ലാവരും സമന്മാരാണെന്നും പ്രഖ്യാപിച്ച കബീറും ചൈതന്യനും മറ്റു് ഭക്തിപ്രസ്ഥാനനേതാക്കന്മാരും യഥാർത്ഥത്തിൽ നിലവിലുള്ള അനീതികൾക്കും അസമത്വങ്ങൾക്കും എതിരായി പോരാടാൻ ജനങ്ങളെ ഉൽബുദ്ധരാക്കുകയാണു് ചെയ്തതു്" (പുറം-8)

വിവേകാനന്ദനെപ്പറ്റി ദാമോദരൻ പറഞ്ഞതും പരമേശ്വരനു് പഥ്യമായി. ഭാരതീയ സമൂഹവികാസത്തിന്റെ ഒരു സവിശേഷഘട്ടത്തിൽ രൂപം കൊണ്ട വർണാശ്രമവ്യവസ്ഥ അന്നു് വഹിച്ച ക്രിയാത്മകമായ പങ്കിനെക്കുറിച്ചുള്ള ദാമോദരന്റെ വിലയിരുത്തൽ പരമേശ്വരനെ ആഹ്ലാദോന്മത്തനാക്കുന്നു. അടിമവ്യവസ്ഥയും നാടുവാഴിത്തവും അവസാനം മുതലാളിത്തം തന്നെയും മനുഷ്യപുരോഗതിക്കു അതാതു് കാലത്തു് നൽകിയ മഹത്തായ സംഭാവനകളെപ്പറ്റി മാർക്സും, എംഗൽസും എഴുതിയതു് വായിച്ചിരുന്നെങ്കിൽ അതൊക്കെ ഇനിയും തുടരുന്നതു് ന്യായീകരിക്കാനുതകുന്ന വാദമായി തെറ്റിദ്ധരിച്ചു് പരമേശ്വരൻ മതിമറന്നു് നൃത്തം ചവുട്ടിയേക്കും. അതുകൊണ്ട് അദ്ദേഹത്തിനു് ഈ വക കാര്യങ്ങളെപ്പറ്റിയുള്ള മാർക്സിസ്റ്റ് നിലപാടുകളെപ്പറ്റി ജ്ഞാനം!

ഇതേക്കുറിച്ചൊന്നും നേർബുദ്ധിയുള്ളവർ എത്തിച്ചേരുന്ന നിഗമനങ്ങളിലല്ല ആർ. എസ്. എസ്. ആചാര്യൻ ചെന്നെത്തുന്നതു്. മാർക്സിസ്റ്റുകാരുടെ സമീപനം ഇതാണെന്നു് നേരെ ചൊവ്വെ ധരിക്കുന്നതിനു് പകരം കെ. ദാമോദരൻ 'ഈ വക കാര്യങ്ങളിൽ താരതമ്യേന ഉദാരമായ നിലപാടു് സ്വീകരിച്ചിരുന്ന' (പുറം 5) തിനാൽ മാർക്സിസ്റ്റുകാരിൽനിന്നു് വ്യത്യസ്തമായി ചിന്തിക്കുന്നു എന്നാണു് പരമേശ്വരൻ ധരിച്ചുവശായിരിക്കുന്നതു്. വർണാശ്രമവ്യവസ്ഥയെക്കുറിച്ചു് ദാമോദരൻ പ്രകടിപ്പിച്ച അഭിപ്രായങ്ങളെ തന്നെ ഇ. എം. എസ്. 'കേരള മലയാളികളുടെ മാതൃഭൂമി' 'ഇന്ത്യാചരിത്രത്തിലേക്കൊരെത്തിനോട്ടം' മുതലായ ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇന്ത്യയിലെ ആദ്യകാല മാർക്സിസ്റ്റ് വിപ്ലവകാരികളിൽ പ്രമുഖനും പരമേശ്വരൻ ബഹുമാനിക്കുന്നതായി അവ

കാശപ്പെടുന്ന സ്വാമി വിവേകാനന്ദന്റെ സഹോദരനും ആയിരുന്ന ഭൂപേന്ദ്രനാഥ് ദത്തയും (Indian Social Polity) ഡി. ഡി. കൊസാമ്പി (Myth and Reality) തൊട്ടുള്ള മറ്റു മാർക്സിസ്റ്റ് ചിന്തകരും പണ്ടേ പറഞ്ഞിട്ടുള്ള വയാണിതെല്ലാം. പരമേശ്വരൻ ഇതൊന്നും കണ്ടിട്ടി ല്ലെങ്കിൽ കമ്യൂണിസ്റ്റുകാർ അതൊക്കെ മറച്ചുപിടിച്ച തിനാലാണെന്നു് ആരോപിച്ചാൽ ഞങ്ങടെ നിസ്സഹാ യരാണു്.

ആധ്യാത്മികാവരണമിട്ട ലൗകികസമരങ്ങടെ, ചില മത നവീകരണ പ്രസ്ഥാനങ്ങളുടെ പുരോഗമന സാമൂഹ്യസത്ത, ചില മതങ്ങടെ ഉത്ഭവകാലത്തു് കൈ ക്കൊണ്ട സാമൂഹ്യ-രാഷ്ട്രീയ-വിപ്ല വ സ്വഭാവം മുതലാ യവയെക്കുറിച്ചു് ദാമോദരൻ പറയുന്നതെല്ലാം, മാർക്സി സ്റ്റു് കാരുടെ ചിരകാലമായി അംഗീകരിച്ചുവരുന്ന ക്ലാസിക് നിലപാടുകളാണെന്നു് മാർക്സിന്റെയോ എംഗൽസിന്റെയോ കൃതികടം വായിച്ചാൽ ആർക്കും ബോധ്യമാകും. ആധുനിക മാർക്സിസ്റ്റ് ചരിത്രകാരന്മാ രായ ഹെർബർട് ആപ്തേക്കർ (അമേരിക്ക), ക്രിസ്റ്റഫർ ഹീൽ (ഇംഗ്ലണ്ടു്), വാൾട്ടർ റൂബൻ (ജർമനി), ഡി. ഡി. കൊസാമ്പി, ദേവിപ്രസാദ് ചട്ടോപാധ്യായ (ഇന്ത്യ) എന്നിവരുടെ കൃതികടം വായിച്ചാൽ മാർക്സി ന്റെയും എംഗൽസിന്റെയും ഇതേക്കുറിച്ചുള്ള സിദ്ധാ ന്തങ്ങടം ആരും മറച്ചുവെച്ചിരുന്നില്ലെന്നും ബോധ്യമാവും– പരമേശ്വരനു് ബോധ്യമായില്ലെങ്കിൽ മറ്റുള്ളവർക്കെ ങ്കിലും.

എംഗൽസ്

അതുകൊണ്ടു് മറ്റുള്ളവരുടെ അറിവിലേക്കായി ആദികാല ക്രിസ്തുമതത്തെക്കുറിച്ചു എംഗൽസ് എഴുതിയ ഏതാനും വാചകങ്ങടം ഉദ്ധരിക്കട്ടെ. ഇതും ഇതുവരെ

കമ്യൂണിസ്റ്റുകാർ നിഗ്രഹമായി വെച്ചിരുന്നതു് എന്തോ ഉദ്ദേശ സാദ്ധ്യത്തിനായി പുറത്തുവിടുന്നതാണെന്നു് പരമേശ്വരൻ ആരോപിക്കുമോ എന്തോ?

"ആധുനിക തൊഴിലാളി വർഗ പ്രസ്ഥാനത്തോടു സമാനമായ, ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും ആദിമ ക്രിസ്തുമതത്തിലുണ്ടു്. തൊഴിലാളി വർഗ പ്രസ്ഥാനത്തെപ്പോലെ ക്രിസ്തുമതവും തുടക്കത്തിൽ മർദിത ജനതയുടെ പ്രസ്ഥാനമായിരുന്നു. അടിമകളുടെയും അടിമത്തത്തിൽ നിന്നു് സമീപകാലത്തു് മോചിതരായവരുടേയും സകലമാന അവകാശങ്ങളും നിഷേധിക്കപ്പെട്ട ദരിദ്രരുടെയും റോമാ സാമ്രാജ്യം അടിച്ചമർത്തുകയോ അടിച്ചോടിക്കുകയോ ചെയ്തവരുടേയും മതമായിട്ടാണു് അതു് ആദ്യം പ്രത്യക്ഷപ്പെട്ടതു്. അടിമത്തത്തിൽ നിന്നും ദുരിതത്തിൽ നിന്നും ഉള്ള മോചനത്തെക്കുറിച്ചാണു് തൊഴിലാളി വർഗത്തിന്റെ സോഷ്യലിസവും ക്രിസ്തുമതവും പ്രപഞ്ചനം ചെയ്യുന്നതും ജീവിതത്തിനപ്പുറം മരണത്തിനുശേഷം സ്വർഗത്തിലാണു് ക്രിസ്തുമതം കാണുന്ന മോചനം. എന്നാൽ സോഷ്യലിസം കാണുന്ന മോചനമാകട്ടെ, സാമൂഹ്യ പരിവർത്തനത്തിലൂടെ ഇഹലോകത്തിൽ തന്നെ സംഭവിക്കുന്നു. ഇരുകൂട്ടരും പീഡിപ്പിക്കപ്പെടുകയും അപവാദത്തിനിരയാവുകയും ചെയ്യുന്നു. ഇരുകൂട്ടരുടേയും അനുയായികളും മതത്തിന്റെയും കുടുംബബന്ധങ്ങളുടെയും ഭരണകൂടത്തിന്റെയും സാമൂഹ്യക്രമത്തിന്റെയും ശത്രുക്കളെന്ന നിലയിൽ അധിക്ഷേപത്തിനും പ്രത്യേകം നിർമിക്കപ്പെട്ട പീഡന നിയമങ്ങൾക്കും ഇരയാവുന്നു. ഈ പീഡനങ്ങളെല്ലാം സഹിച്ചു, പോരാ പീഡനങ്ങളാൽ വർധിതോർജസ്വരായി അവർ ഇരുകൂട്ടരും അപ്രതിരോധ്യരായി വിജയത്തിലേക്കു് കുതിക്കുകയും

ചെയ്യുന്നു. ക്രിസ്തുമതമുണ്ടായി മുന്നൂറു വർഷങ്ങൾക്കുശേഷം അതു് റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായിത്തീർന്നു. സോഷ്യലിസമാകട്ടെ അതുണ്ടായി അറുപതു് വർഷത്തിനകം വിജയം സുനിശ്ചിതമാണെന്നുറപ്പിക്കത്തക്ക നിലയിൽ എത്തിക്കഴിഞ്ഞു''. ('മതത്തെപ്പറ്റി മാർക്സും എംഗൽസും' എന്ന ഗ്രന്ഥത്തിൽ നിന്നു്)

എംഗൽസു് ഇതെഴുതിയതു് 1892 ലാണു്. കൃത്യം 25 വർഷം കൂടി കഴിഞ്ഞപ്പോൾ സോവിയറ്റു് യൂണിയനിൽ അദ്ദേഹത്തിന്റെ പ്രവചനം സഫലീകരിക്കുകയും ചെയ്തു. അതിനുശേഷം കഴിഞ്ഞ ആറരപതിറ്റാണ്ടു് കാലത്താകട്ടെ യൂറോപ്പു്, ഏഷ്യാ, ആഫ്രിക്ക, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലായി ലോകത്തിലെ ജനസംഖ്യയിൽ മൂന്നിലൊന്നു ഭാഗം മാർക്സിന്റെയും എംഗൽസിന്റെയും വെന്നിക്കൊടി ഉയർത്തിക്കഴിഞ്ഞു. ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ, വരുന്ന ഒന്നൊന്നര പതിറ്റാണ്ടിനകം ഭൂഗോളത്തിന്റെ ഇതിലും വിശാലമായ മേഖലകളിൽ ഈ കൊടി ഉയരുന്നതു കാണാൻ ലോകർക്കു കഴിയും.

16-ാം നൂറ്റാണ്ടിലെ ജർമൻ നാടുവാഴിവിരുദ്ധ സമരക്കാലത്തു് ജനാധിപത്യ വാദികൾക്കു് ചില മത സിദ്ധാന്തങ്ങളും പ്രസ്ഥാനങ്ങളും സഹായകമായതെങ്ങിനെ എന്നു് എംഗൽസു് പേരുകേട്ട **Peasant War in Germany** എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ടു്. ആ ചുവട് പിടിച്ചു് 17-ാം നൂറ്റാണ്ടിലെ ബ്രിട്ടീഷു് ആഭ്യന്തരയുദ്ധക്കാലത്തു് പ്രോട്ടസ്റ്റൻറു് വിഭാഗത്തിലെ പ്യൂരിറ്റൻമാർ മത നവീകരണ പ്രസ്ഥാനത്തിന്റെ അലയൊലികൾ ജനാധിപത്യ പ്രസ്ഥാനത്തിനായി ഉപയോഗപ്പെടുത്തിയതു് എങ്ങിനെയെന്നു് പ്രസിദ്ധ മാർക്സിസ്റ്റു് ചരിത്രകാരനായ ക്രിസ്റ്റഫർ ഹിൽ അനവധി ഗ്രന്ഥങ്ങ

ളിലായി വിശദീകരിക്കുന്നു. (Milton and English Revolution, Cromewell-God's Own English man. The World Turned Upside Down മുതലായവ നോക്കുക). ഈ നിരവധി ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയ മാർക്സിസ്റ്റ് നിലപാടു്. ഇന്ത്യയുടെ ചരിത്രപഠനത്തിനു് ദാമോദരൻ പ്രയോഗിക്കുമ്പോഴും, അദ്ദേഹത്തെ മരണാനന്തരം മാർക്സിസ്റ്റ് കാരിൽ നിന്നു് വേർതിരിച്ചെടുത്തു അപമാനിക്കാൻ പുറപ്പെട്ടന്നതു് നേർബുദ്ധിയുടെയോ അറിവിന്റെയോ തെളിവല്ല.

രണ്ടു വശം

ഇതിന്റെ അർഥം മതമോ മതഗ്രന്ഥങ്ങളോ ആദ്യന്തം കുറ്റമറ്റതാണെന്നല്ല എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇന്ത്യയിലും പുറത്തും മതത്തിന്റെ പേരിൽ നടന്നിട്ടുള്ള മഹാ പാതകങ്ങളും ചരിത്രസത്യങ്ങളാണു്. നിലവിലുള്ള നികൃഷ്ടമായ ജാതി സമ്പ്രദായമുൾപ്പെടെ സാമൂഹ്യ – സാമ്പത്തികാസമത്വങ്ങളും നിലനിർത്താനും വർഗീയ ലഹളകളും നടത്താനും ആർ. എസ്. എസ്സുകാർ പരിശ്രമിക്കുന്നതും മഹനീയമായ ആർഷ സംസ്കാരത്തിന്റെയും ഹൈന്ദവ ധർമത്തിന്റെയും മറ ഉപയോഗിച്ചുകൊണ്ടാണല്ലോ. മുസ്ലീം ലീഗു് മൂലതത്വവാദികളും, സിഖ് ഖലിസ്ഥാനികളും മറ്റു കോണുകളിൽനിന്നു് അതേ ദുഷ്കൃത്യം തുടരുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയും സമകാലിക സിഖ് നേതാക്കളിൽ ഏറ്റവും സ്വാതന്ത്രികനും ദേശസ്നേഹിയുമായിരുന്ന സന്തു് ലോംഗോവാളും ക്രൂരമായി വധിക്കപ്പെട്ടതു് മതഭ്രാന്തന്മാരുടെ കൈകളാൽ കൊണ്ടാണു്. ഇന്ത്യയുടെ തെക്കുഭാഗത്തു് സ്ഥിതി ചെയ്യുന്ന ശ്രീലങ്കയുടെ ഏറ്റവും പ്രശസ്തനായ പ്രധാനമന്ത്രി സോളമൻ ബന്ദാർ നായകയേ വധിച്ചതു്– "ബുദ്ധഭിക്ഷു" ക്കളായ മതഭ്രാന്തന്മാരായിരുന്നു. അതേ,

ബുദ്ധന്റെ പേരിലും മതം കൊല നടത്തും! പകിസ്ഥാന്റെ പ്രഥമ പ്രധാനമന്ത്രി ലിയാഖത്തുഅലിഖാനെയും ബംഗ്ലാദേശ് സ്ഥാപകൻ മുജിബുർ റഹിമാനെയും വധിച്ച കേസിൽ മുസ്ലിം മൂലതത്വ വാദികളും പ്രതികളായിരുന്നു.

ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെയും കമ്യൂണിസ്റ്റുകാരുടേയും മേൽ കുതിരകയറാൻ പരമേശ്വരൻ ആയുധമാക്കുന്ന ഭഗവദ്ഗീതയിലും ഈ വിരുദ്ധ വശങ്ങൾ കാണാൻ കഴിയും. ഗീതയുടെ അനുപമമായ സാഹിത്യ ശോഭയേയോ ഒന്നോ രണ്ടോ സഹസ്രാബ്ദക്കാലം അതു ഭാരതീയ ജനതക്കു നൽകിപ്പോന്ന സാംസ്കാരികോത്തേജനത്തേയോ വിവരമുള്ളവരാരും നിഷേധിക്കില്ല. ആധുനിക ഭാരതീയ നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും ആദ്യ ദശകങ്ങളിൽ ഗീത നൽകിയ ആവേശവും അവഗണിക്കത്തക്കതല്ല. ഖുദിറാമിനെയും രാമപ്രസാദ് ബിസ്മില്ലിനെയും പോലുള്ള ആദ്യകാല സ്വാതന്ത്ര്യ സമര രക്തസാക്ഷികളും ഗീതയും കയ്യിൽ പിടിച്ചാണ് തൂക്കുമേടയിലേക്ക് പുഞ്ചിരിയോടെ കയറിച്ചെന്നതു്. ഭീകര പ്രസ്ഥാനക്കാർ എന്നു് സാമ്രാജ്യ വാദികളും അവരുടെ വൈതാളികരും വിശേഷിപ്പിച്ചുപോന്ന ദേശീയ വിപ്ലവകാരികളുടെ ഗൂഢസങ്കേതങ്ങളും പരിശോധിച്ച പോലീസുകാർക്കു് നാടൻ ബോമ്പിനെക്കാളും കൂടുതൽ കിട്ടിയതു് പലപ്പോഴും ഗീതാപ്രതികളായിരുന്നു.

ബർമയിലെ മാൻഡലെ തടവറയിൽ പേനയും മഷിയും നിഷേധിക്കപ്പെട്ടിരുന്ന ബാലഗംഗാധര തിലകൻ കടലാസ് തുണ്ടുകളിൽ പെൻസിൽകൊണ്ടു കുത്തിക്കുറിച്ചാണ് തന്റെ പേരുകേട്ട 'ഗീതാരഹസ്യം' പൂർത്തിയാക്കിയതു്. മഹാത്മാഗാന്ധിയും ഗീതയിൽ നിന്നാവേശമുൾക്കൊണ്ടു് അതിനൊരു വ്യാഖ്യാനമെഴുതി. അവിടെതന്നെ അതിന്റെ വൈരുധ്യവും വെളിപ്പെടുന്നു.

ബങ്കിം ചന്ദ്രചട്ടോപാധ്യായന്റെ. ബാലഗംഗാധര തിലകന്റെ ബ്രിട്ടീഷ് സാമ്രാജ്യവാദികൾക്കെതിരെ ആയുധമെടുത്തു പോരാടാൻ പ്രചോദനം നൽകിയ ഗീതതന്നെ മഹാത്മാഗാന്ധിക്കു ആയുധം ത്യജിച്ചു് അഹിംസയെ വരിക്കാനും പ്രചോദനമരുളി. ബ്രിട്ടീഷ് സാമ്രാജ്യത്തെ സേവിക്കാൻ സർ സി പി. രാമസ്വാമി അയ്യർക്കു് പ്രചോദനം നിൽകിയ 'ഗീത' തന്നെ ബ്രിട്ടീഷ് സാമ്രാജ്യത്തെ ചെറുക്കാൻ മറെറാരു മഹാ ബ്രാഹ്മണപണ്ഡിതനായ ചക്രവത്തി രാജഗോപാലാചാരിക്കു് പ്രേരണ നൽകി. ഇതെങ്ങിനെ സാധിച്ചു എന്നാരായുക രസകരമായ ഒരു ചിന്താപദ്ധതിയാണെങ്കിലും ഈ ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങാത്തതിനാൽ മറെറാരവസരത്തിലേക്കു് നീക്കിവെക്കുന്നു. ഇപ്പോഴും നമുക്കു പരമേശ്വരന്റെ പരാതിക്കിടയായ ജാതിക്കാര്യം എടുക്കാം.

ശ്ലോകം രണ്ടല്ല

പരമേശ്വരൻ പറയുന്നു:

''ചാതുർവർണ്യം മയാസൃഷ്ടം' എന്നും 'കർമണ്യേവാധികാരസ്തേ' എന്നും തുടങ്ങുന്ന രണ്ടു ഗീതാശ്ലോകങ്ങളും ഉദ്ധരിച്ചുകൊണ്ടാണു് നമ്പൂതിരിപ്പാടു് ഭഗവദ്ഗീതയെ പ്രതിക്കൂട്ടിൽ കയറ്റുന്നതു്. ഗീത 'അപൂർണമായി മാത്രം പഠിച്ചതുകൊണ്ടു് ഉണ്ടായ അപാകതയാണു് ഇതിനു് കാരണമെന്നു് പറയാൻ തെല്ലും മടിക്കേണ്ടതില്ല. ചാതുർവർണ്യം എല്ലാക്കാലത്തും നിലനിർത്തിക്കൊള്ളണമെന്നു് ഗീതയിലെവിടെയും പറഞ്ഞിട്ടില്ല. ചാതുർവർണ്യ വ്യവസ്ഥയുടെ അടിസ്ഥാനം ഗുണവും കർമവുമായിരുന്നു എന്നു്– ജന്മമായിരുന്നില്ലെന്നു– ചൂണ്ടിക്കാണിക്കുക മാത്രമാണിവിടെ ചെയ്തിട്ടുള്ളതു്''. (പുറം 35)

ഗീതയിലെ നാലാമധ്യായം 13–ാം ശ്ലോകം ഇങ്ങിനെയാണ്:

ചാതുർവർണ്യം മയാ സൃഷ്ടം
ഗുണകർമ വിഭാഗശ:
തസ്യ കർത്താരമപി മാം
വിദ്ധ്യകർത്താരമവ്യയം

കെ. എം നെറ വിവർത്തനം: ''(ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്ന) നാല് വർണങ്ങളും ഗുണ കർമങ്ങളുടെ വിഭാഗങ്ങളെ അനുസരിച്ച്, എന്നാൽ സൃഷ്ടിക്കപ്പെട്ട. ഞാൻ അതിന്റെ കർത്താവാണെങ്കിലും (പരമാർഥത്തിൽ) എന്നെ അകർത്താവായും വ്യയമില്ലാത്തവനായും അറിഞ്ഞാലും''.

ചാതുർവർണ്യം താൻ സൃഷ്ടിച്ചതാണെന്ന് പരമാത്മാവായ ഭഗവാൻ തന്നെ അരുളിച്ചെയ്യുന്നു. അതിനുള്ള ന്യായവും അദ്ദേഹം നിരത്തുന്നു. അപ്പോഴും പിന്നെ ചാതുർവർണ്യം എല്ലാക്കാലത്തും നിലനിർത്തിക്കൊള്ളണമെന്ന് ഗീതയിൽ പറഞ്ഞിട്ടില്ല എന്നു വാദിക്കുന്നതിനെന്തർഥമാണുള്ളത്? ചാതുർവർണ്യം അവസാനിപ്പിക്കണമെന്നെവിടെയെങ്കിലും ഗീതയിൽ പറഞ്ഞിട്ടുണ്ടോ? പറഞ്ഞിട്ടില്ലെന്നു മാത്രമല്ല ജാതിവ്യവസ്ഥ ഇല്ലാതാകുന്നത് ആപത്താണ് എന്നു പ്രസ്താവിക്കുന്നുണ്ട് താനും. വായിക്കുക:

ഉത്സീദേയുരിമേ ലോകാ
ന കുര്യാം കർമ ചേദഹം
സംകരസ്യ ച കർത്താ
സ്യാ മുപഹന്യാമിമാ: പ്രജാ:

(III-24)

വിവർത്തനം: ''ഞാൻ കർമം ചെയ്യുന്നില്ലെങ്കിൽ ഈ ലോകം ധർമ ലോപംകൊണ്ട് നശിച്ചുപോകും.

(അതു ഹേതുവായിട്ട്) ജാതി മിശ്രത്തിനു് ഞാൻ കർത്താവായി ഭവിക്കുകയും, പ്രജകളെ നശിപ്പിക്കുന്നവനായി തീരുകയും ചെയ്യും".

അപ്പോഴം ലോകനാശം, ധർമലോപം എന്നൊക്കെ പറയുന്നതിന്റെ മുഖ്യഘടകം ജാതിസങ്കരം മൂലം ജാതി ഇല്ലാതെയാവുന്നതാണു് എന്നു് ഗീത സിദ്ധാന്തിക്കുന്നു. ഇതു് ഗീതയിൽ ആകസ്മികമായി കടന്നുകൂടിയ ആശയവുമല്ല. "പത്മം" തൊട്ടുള്ള പുരാണങ്ങളിൽ വിനാശകരമായി വിവരിക്കപ്പെടുന്ന കലിയുഗത്തിന്റെ മുഖ്യഘടകമായി വിവരിച്ചിട്ടുള്ളതും ജാതിസങ്കരമാണു്. ഇവയിൽനിന്നു പ്രചോദനം കൊണ്ടിട്ടാവണം വേലുത്തമ്പിദളവയുടെ പ്രസിദ്ധമായ കുണ്ടറവിളംബരത്തിലും ക്രിസ്ത്യാനികളായ ബ്രിട്ടീഷുകാരുടെ ആധിപത്യം മിശ്രവിവാഹത്തിനും അങ്ങിനെ ജാതിസങ്കരം എന്ന ആപത്തിനും വഴിവെക്കുമെന്നു് എഴുതിച്ചേർത്തതു്.

തന്റെ വാദത്തിനു് ഉപോൽബലകമായി ഉദ്ധരിക്കുന്ന അരവിന്ദന്റെ വ്യാഖ്യാനവും ഇക്കാര്യത്തിൽ പരമേശ്വരനെ രക്ഷിക്കുന്നില്ല. നോക്കൂ:

"ഈ ഒരു ശ്ലോകത്തിന്റെ (ചാതുർവർണ്യം മയാ സൃഷ്ടം) ബലത്തിൻ മേൽ മാത്രം ഭഗവദ് ഗീത ഈ വ്യവസ്ഥിതിയെ ശാശ്വതവും സാർവത്രികവുമായ ഒന്നായി പരിഗണിച്ചു എന്ന നിഗമനത്തിൽ എത്തിക്കൂടാ. മറ്റു പ്രമാണങ്ങളും അങ്ങിനെ കരുതിയിട്ടില്ല, പ്രത്യുത, അവ വ്യക്തമായി പറയുന്നു: ഈ വ്യവസ്ഥിതി ആദിയിൽ ഉണ്ടായിരുന്നില്ല. വരാൻപോകുന്ന യുഗചക്രത്തിൽ അതു് തകർന്നു പോവുകയും ചെയ്യും എന്നു്."

മറ്റു പ്രമാണങ്ങളിൽ മറിച്ചുള്ള പരാമർശങ്ങളുള്ളതിനാൽ ഗീതയിലുള്ളതിനെ കാര്യമാക്കേണ്ടതില്ല എന്നേ അരവിന്ദൻ ഉദ്ധരണി സ്ഥാപിക്കുന്നുള്ളൂ.

മറെറാരു ദൗർബല്യം ഈ ഒരു ശ്ലോകത്തെ മാത്ര ആധാരമാക്കിയല്ല ഗീതയെക്കുറിച്ചുള്ള ഈ വിമർശനം എന്നതാണു്. രണ്ടെണ്ണം ഉദ്ധരിച്ചതിനു് പുറമെ വേറെ ഏതാനും കൂടി പുറകെ ഞാൻ ഉദ്ധരിക്കാൻ പോകുന്നുണ്ടു്. പിന്നെ വരാൻ പോകുന്ന യുഗങ്ങളിൽ ജാതി വ്യവസ്ഥ നശിക്കും എന്നു് മറു പ്രമാണങ്ങളും പറയുന്നുണ്ടെങ്കിലും അവയൊന്നും അഭികാമ്യമായിട്ടല്ല ആപത്തായിട്ടാണു് വിവരിച്ചിരിക്കുന്നതു് എന്ന വസ്തുത അരവിന്ദൻ മറക്കുന്നപോലെ തോന്നുന്നു.

ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും വൈശ്യരുടെയും ആധിപത്യകാലം കഴിഞ്ഞു് ഇനി ശൂദ്രരുടെ സമത്വയുഗമാണു് പിറക്കുക എന്നു് വിവേകാനന്ദനെപ്പോലെ ചില മഹാമതികളും പറഞ്ഞിട്ടുണ്ടു് എങ്കിലും പുരാണങ്ങളിലെയും മറും വ്യാഖ്യാനം അങ്ങിനെയല്ല. ഇനി അതു് രണ്ടു തരത്തിലും വ്യാഖ്യാനിക്കാമെന്ന വാദത്തിനായി സമ്മതിക്കുക. അപ്പോഴും പ്രശ്നം അവശേഷിക്കുന്നു. പുരാണങ്ങളിലും മറു പുണ്യഗ്രന്ഥങ്ങളിലും വൈരുധ്യങ്ങളുണ്ടു്, കൊള്ളേണ്ടവയും തള്ളേണ്ടവയും ഉണ്ടു്, നന്മയും തിന്മയും ഉണ്ടു്–അവ വിമർശന ബുദ്ധിയോടെ പഠിച്ചു് നമ്മുടെ മഹനീയ പാരമ്പര്യത്തിലെ ക്രിയാത്മക ധാരകളും ചികഞ്ഞെടുത്തു് കാലാനുകൂലമായി, ലോകമേന്മയ്ക്കായി ഉപയോഗിക്കപ്പെടണം എന്നേ മാർക്സിസ്റ്റുകാർ പറയുന്നുള്ളു. അങ്ങിനെ നമ്മുടെ പ്രാചീന കൃതികളും ആഷ് പാരമ്പര്യത്തിനും ത്യാജ്യഗ്രാഹ്യ വിവേചനം ആകാമെന്നും ആകണമെന്നുമാണു് വാദമെങ്കിൽ മാർക്സിസ്റ്റുകാർ അതംഗീകരിക്കുന്നു. അതുത്തോളം പരമേശ്വരാദികളോടുള്ള ഭിന്നത അവസാനിക്കുകയും ചെയ്യുന്നു. പിന്നെന്തിനു് ചിലവ ത്യാജ്യമാണെന്നു് ചൂണ്ടിക്കാട്ടുമ്പോൾ കലശൽകൂട്ടുന്നു? സോവിയറ്റു് യൂണിയ

നിലും ജനകീയ ചൈനയിലും ഭാരതീയ പുരാണങ്ങളോടും മറ്റു മത ഗ്രന്ഥങ്ങളോടും താൽപര്യം വർധിച്ചുവരുന്നതിനെ പരമേശ്വരൻ അംഗീകരിക്കുന്നുണ്ടല്ലൊ. കമ്യൂണിസ്റ്റ് ഭരണക്രമത്തിൽ പ്രാചീന ഭാരതീയ ഗ്രന്ഥങ്ങളോടും സംസ്കാരത്തോടും ഉള്ള താൽപര്യം തന്നെ പ്രാചീന ചൈനയിലേയും പ്രാചീന അറബി നാട്ടിലേയും പ്രാചീന യവന-റോമാ നാടുകളിലേയും സംസ്കാരങ്ങളോടും അവർക്കുണ്ട്.

മാർക്സിനും എംഗൽസിനും ലെനിനും അതുണ്ടായിരുന്നു. ഇന്ത്യയുൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളിലെയും കമ്യൂണിസ്റ്റുകാർക്കും തൊഴിലാളി വർഗ വിപ്ലവകാരികൾക്കും അതു് ഉണ്ടു്. മനുഷ്യസമൂഹം ഇതേവരെ സഞ്ചയിച്ച സാംസ്കാരിക മൂല്യങ്ങളെല്ലാം ഉൾക്കൊള്ളാതെ ഒരുവനും് യഥാർഥ കമ്യൂണിസ്റ്റാവാൻ കഴിയില്ലെന്നു് യുവജനങ്ങളെ ഉൽബോധിപ്പിച്ചുകൊണ്ടു് ലെനിൻ ചെയ്ത പ്രസിദ്ധമായ പ്രഭാഷണം ഞങ്ങൾക്കെല്ലാം വഴികാട്ടിയാണെന്നു് പരമേശ്വരൻ ധരിച്ചിരുന്നാൽ കുറെയേറെ വൃഥാവ്യായാമം അദ്ദേഹത്തിനു് ലാഭിക്കാം.

ജൻമവും ഗുണവും

ഇനി പരമേശ്വരന്റെ അടുത്ത വാദം എടുക്കുക-ചാതുർവർണ്യ വ്യവസ്ഥയുടെ അടിസ്ഥാനം ജന്മമായിരുന്നില്ലെന്നും ഗുണവും കർമവുമായിരുന്നെന്നും ചൂണ്ടിക്കാണിക്കുക മാത്രമായിരുന്നുപോലും ഭഗവാൻ കൃഷ്ണന്റെ ലക്ഷ്യം.

ജന്മം കർമത്തെ ആശ്രയിച്ചിരിക്കുന്നു എന്നും ഗുണം ജന്മത്തെ ആശ്രയിച്ചിരിക്കുന്നു എന്നും ഗീതയിൽ പലയിടത്തും പറയുന്നതു് ഗീത ''പൂർണമായി പഠിച്ച'' എന്ന ഭിമാനിക്കുന്ന പരമേശ്വരനറിവില്ലെന്നുണ്ടോ? പുണ്യ

വാന്മാരെയും പാപികളെയും ഗീത തരംതിരിക്കുന്നതു് 'പുണ്യയോനി'യിൽ ജനിച്ചവരും 'പാപയോനി'യിൽ ജനിച്ചവരുമായിട്ടാണു്.

മാം ഹി പാർഥ വ്യപാശ്രിത്യ
യേപി സ്യു: പാപയോനയ:
സ്ത്രിയോ വൈശ്യാസ്തഥാ ശൂദ്രാ-
സ്തേപി യാന്തി പരാം ഗതിം

(IX-32)

വിവർത്തനം:"അല്ലയോ അർജുനാ സ്ത്രീകളായും വൈശ്യരായും ശൂദ്രരായും, അപ്രകാരം തന്നെ നീചയോനിയിൽ ജനിച്ചവരായും, ആരെല്ലാം ഉണ്ടോ അവരും കൂടി എന്നെ വഴിപോലെ സേവിച്ചു് ഉത്തമമായ ഗതിയെ നിശ്ചയമായിപ്രാപിക്കുന്നു".

രസകരവും വിജ്ഞാനപ്രദവുമാണീ ശ്ലോകം. അധ്വാനിക്കുകയും കൃഷി വ്യാപാരാദികളിൽ ഏർപ്പെടുകയും ചെയ്യുന്ന വൈശ്യരേയും മേലാളന്മാരെ സേവിച്ചു കഴിയുന്ന ശൂദ്രരേയും മാത്രമല്ല ബ്രാഹ്മണ-ക്ഷത്രിയ വിശിഷ്ട യോനികളിൽ പിറന്ന സ്ത്രീകളേയും 'പാപയോനിജരായി' തരംതാഴ്ത്തി ഫ്യൂഡൽ വ്യവസ്ഥയുടെ ഭീകരമുഖം നമ്മെ കാട്ടിത്തരുന്നു. 'തേർ തെളിച്ചീലേ സുഭദ്രേ പണ്ടെ'ന്നും ഗാർഗിയും മൈത്രേയിയും മറ്റും യാജ്ഞവൽക്യാദി മഹാരഥന്മാരോടു് ദാർശനിക വിവാദം നടത്തിയില്ലേ എന്നുമൊക്കെ ചോദിക്കാം. പ്രാചീന ഭാരതത്തിലെ സ്ത്രീ സ്വാതന്ത്ര്യത്തിനും അതൊക്കെ തെളിവല്ലേ എന്നും ചോദിച്ചേക്കാം. ആയിരിക്കാം പക്ഷെ അതോടൊപ്പം 'ന സ്ത്രീ സ്വാതന്ത്ര്യ മർഹതി' എന്നെഴുതിയ മനുവിനേയും സ്ത്രീയെ 'പാപ യോനിജ'യാക്കി ശൂദ്രനോടൊപ്പം തള്ളിയ ഗീതാകാരനെയും വിസ്മരിക്കാനാവില്ല. അവിടെത്തന്നെയാണു വിവേചനപൂർവം, വിമർശന ബുദ്ധിയോടെ, പരമ്പരാഗതവിജ്ഞാനം

തള്ളുകയും കൊള്ളുകയും ചെയ്യുന്ന പ്രശ്നം വീണ്ടും ഉയർന്നുവരുന്നതു്.

കൃഷ്ണന്റെ രോഷം

തന്നെ ദ്വേഷിക്കുന്ന നരാധമന്മാരെയും മറ്റും അസുര യോനികളിൽ താൻ നിഷ്കരുണം നിക്ഷേപിച്ചുകളയും എന്നു് കൃഷ്ണൻ ഭീഷണിപ്പെടുത്തുന്നുണ്ടു്.

താനഹം ദ്വിഷതഃക്രൂരാൻ
സംസാരേഷു നരാധമാൻ
ക്ഷിപാമ്യജസ്രമശുഭാ-
നാസുരീഷ്വേവയോനിഷു

(XVI-19)

വിവർത്തനം: "എന്നെ ദ്വേഷിക്കുന്നവരും ക്രൂരന്മാരും അശുഭകർമത്തെ ചെയ്യുന്നവരും മനുഷ്യരിൽ വെച്ചധമന്മാരുമായ അപ്രകാരമുള്ള അവരെ ജനന മരണ മാർഗങ്ങളിൽ അതിക്രൂരങ്ങളായ (വ്യാഘ്രസർപ്പാദി) യോനികളിൽ തന്നെ എന്നും ഞാൻ തള്ളിയിടുന്നു (ജനിപ്പിക്കുന്നു)".

ഗീതയിൽ ആവർത്തിച്ചാവർത്തിച്ചുപറയുന്ന "പാപയോനി" സങ്കല്പം "ജന്മ" ത്തിന്റെ നിയതത്വം സ്ഥാപിക്കുന്നു. വൈശ്യരും ശൂദ്രരും സ്ത്രീകളും പാപയോനിജരാണു്, പാപഫലമനുഭവിക്കുന്നവരാണു്. മേൽജാതിക്കാരായ പുരുഷന്മാർ എല്ലാം പുണ്യാത്മാക്കളും!

തന്നെ ഭക്തിപുരസ്സരം സേവിക്കുന്ന ശൂദ്രാദികളായ പാപയോനിജർക്കും പുണ്യം ലഭിക്കുമെന്ന പരാമർശം ഗീതാകരന്റെ സമഭാവാദർശ വിളംബരമായി വ്യാഖ്യാനിക്കുന്നവരെ കണ്ടിട്ടുണ്ടു്. അതിനർഥമില്ല. ഗീത പ്രപഞ്ചനം ചെയ്യുന്ന സാമൂഹ്യ വ്യവസ്ഥയിൽ അടങ്ങിഒതുങ്ങി കിടക്കുകയും വർണാശ്രമ വ്യവസ്ഥ പ്രകാരം

തങ്ങൾക്ക് വിധിച്ച കർമം മാത്രം ചെയ്യുകയും സർവോപരി വ്യത്യസ്ത സിദ്ധാന്തങ്ങളോ ഭിന്നാഭിപ്രായങ്ങളോ പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യണമെന്ന അനുശാസനമാണത്. സമചിത്തതയും ശാന്തതയും തെല്ലൊരു നർമബോധവും ഉടനീളം പ്രകടിപ്പിക്കുന്ന ഭഗവാൻ (വിയർത്ത് വിറങ്ങലിച്ച അമ്പും വില്ലും താഴെയിട്ട് യുദ്ധവിമുഖനായിരിക്കുന്ന അർജുനനോട് ശാന്തഭാവം കൈവിടാതെ തെല്ലൊരു മന്ദഹാസത്തോടെ കൃഷ്ണൻ സംസാരമാരംഭിക്കുന്നത്) എത്ര ആലോചനാമൃതമായിരിക്കുന്നു എന്നു കാണുക : II - 9) രോഷാകുലനായി XVI-ാം അധ്യായത്തിൽ ആക്രോശിക്കുന്നതും ശപിക്കുന്നതുമെല്ലാം ചാർവാകന്മാരെയും ലോകായതിയന്മാരേയുമാണ്. കീഴ് ജാതിക്കാരാണെങ്കിലും അവർ തന്നേറതിൽ നിന്ന് വ്യത്യസ്തമായ മാർഗമവലംബിച്ചാൽ ശരിപ്പെടുത്തിക്കളയുമെന്ന് ഭീഷണി.

സത്വരാജസ്തമോഗുണങ്ങളാണ് 'ചാതുർവർണ്യം മയാസൃഷ്ടം' ശ്ലോകത്തിലെയെന്നപോലെ ഗീതയിലെ മുഴുവൻ ഗുണങ്ങളും. ആ ഗുണങ്ങളാകട്ടെ ഓരോരുത്തർക്കും ജനനമനുസരിച്ച് കൈവരുന്നതാണ് താനും

കർമമല്ല, ജൻമം തന്നെ

ബ്രാഹ്മണ ക്ഷത്രിയ വിശാം
ശൂദ്രാണാം ച പരന്തപ
കർമാണി പ്രവിഭക്തോനി
സ്വഭാവ പ്രഭവൈർ ഗുണൈഃ

(XVIII-41)

വിവർത്തനം: അല്ലയോ പരന്തപ, ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും വൈശ്യരുടെയും ശൂദ്രരുടെയും കർമങ്ങൾ സാത്വികാദിഭാവങ്ങൾക്ക് കാരണമായ സാത്ത്വാദി ഗുണങ്ങളെ അനുസരിച്ച് വിഭാഗിക്കപ്പെട്ടിരിക്കുന്നു.

ഇനി ബ്രാഹ്മണർക്കു് ജന്മനാതന്നെ സിദ്ധമായിരിക്കുന്ന അനന്യ സ്വഭാവ മേന്മകളും കൃഷ്ണൻ വിവരിക്കുന്നു:

ശമോ ദമസ്തപ: ശൗചം
ക്ഷാന്തിരാർജവമേവ ച
ജ്ഞാനം വിജ്ഞാനമാസ്തിക്യം
ബ്രഹ്മകർമ സ്വഭാവജം

(XVIII-42)

വിവർത്തനം: 'ശമം, ദമം, തപസ്സു്, ശൗചം, ക്ഷമ, അവക്രത ജ്ഞാനം, വിജ്ഞാനം, ആസ്തിക്യം—ഇവ സ്വഭാവപ്രഭങ്ങളായ ബ്രാഹ്മണ കർമങ്ങളാകുന്നു'.

അടുത്തതായി ദ്വിജരിൽ ദ്വിതീയ തലക്കാരായ ക്ഷത്രിയരുടെ ജന്മസിദ്ധ സ്വഭാവങ്ങളും:

ശൗര്യം തേജോ ധൃതിർദ്ദാക്ഷ്യം
യുദ്ധേ ചാപ്യപലായനം
ദാനമീശ്വര ഭാവശ്ച
ക്ഷാത്രം കർമ സ്വഭാവജം

(XVIII-43)

വിവർത്തനം: 'പരാക്രമം, പ്രാഗൽഭ്യം, ധൈര്യം, കൗശലം, യുദ്ധത്തിൽ പിന്തിരിഞ്ഞോടാതിരിക്കുക, ഔദാര്യം, നിയമനശക്തി—ഇതെല്ലാം ക്ഷത്രിയന്റെ സ്വാഭാവികമായ കർമമാകുന്നു'.

ഇനി അധ്വാനിക്കുന്ന വിഭാഗങ്ങളായ വൈശ്യരുടേയും, ശൂദ്രരുടെ ജന്മസിദ്ധ സ്വഭാവങ്ങളിൽ നിന്നുരുത്തിരിയുന്ന അവരുടെ സ്വാഭാവിക കർമങ്ങളും കർത്തവ്യങ്ങളും എന്തെന്നു് കൂടി വായിക്കു:

കൃഷി ഗൗരക്ഷ്യവാണിജ്യം
വൈശ്യകർമ സ്വഭാവജം
പരിചര്യാത്മകം കർമ
ശൂദ്രസ്യാപി സ്വഭാവജം

(XVIII-44)

വിവർത്തനം: 'കൃഷി, പശുപാലനം, കച്ചവടം ഇവ വൈശ്യന്റെ സ്വാഭാവികമായ കർമ്മമാകുന്നു. മറ്റു മൂന്നു ജാതിക്കാരെയും ശുശ്രൂഷിക്കുക ശൂദ്രന്റെയും സ്വാഭാവികമായ കർമ്മമാകുന്നു.'

ഗീതയിലുടനീളം അനുശാസിക്കുന്ന മറ്റൊരു സിദ്ധാന്തം കൂടി കണക്കിലെടുത്താൽ ഈ ചാതുർവർണ്യ വ്യവസ്ഥ പൂർണമായി.

"സ്വധർമ" സിദ്ധാന്തം

'സ്വധർമപാലന'മെന്ന കർശനമായ വ്യവസ്ഥ ഗീതാകാരൻ വിശദീകരിക്കുന്നു:

ശ്രേയാൻ സ്വധർമോ വിഗുണ:
പരധർമാൽ സ്വനുഷ്ഠിതാൽ
സ്വധർമേ നിധനം ശ്രേയ:
പരധർമോ ഭയാവഹ: (III-35)

വിവർത്തനം: 'നല്ലവണ്ണമനുഷ്ഠിക്കപ്പെട്ട അന്യധർമത്തെക്കാൾ ഗുണം കുറഞ്ഞതെങ്കിലും സ്വന്തം ധർമം അധികം ശ്രേഷ്ഠമാകുന്നു. എന്തെന്നാൽ സ്വധർമത്തിൽ പ്രവർത്തിക്കുന്നവന് മരണംപോലും ശ്രേഷ്ഠമാകുന്നു. എന്നാൽ അന്യധർമാനുഷ്ഠാനം നരകപ്രാപ്തിക്ക് ഹേതുവാകുന്നു.'

അപ്പോൾ ജനനമരണമനുസരിച്ചാണ് ഗുണം. ഗുണമനുസരിച്ചാണ് ജാതി. ജാതിയനുസരിച്ചാണ് പ്രവൃത്തിവിഭജനം. അത് മാറിക്കൂടാതാനും. തനിക്ക് വിധിക്കപ്പെട്ട പ്രവൃത്തിയിൽനിന്ന് സ്വയം മാറാൻ ശ്രമിച്ചാൽ ശാരീരികമായ ശിക്ഷ നൽകപ്പെടും. മനുസ്മൃതിയിൽ അവയെല്ലാം വിവരിക്കുന്നു. നോക്കൂ:

പിത്ര്യം വാഭജതേശീലം
മാതുർവോഭയമേവ വാ
ന കഥഞ്ചന ദുര്യോനി:
പ്രകൃതിം സ്വാം നിയച്ഛതി

(X-59)

അർഥം: 'ഹീന ജാതിയിൽ ജനിച്ചവൻ പിതാവിന്റെ തൊഴിലോ മാതാവിന്റെ തൊഴിലോ അല്ലെങ്കിൽ രണ്ടാളുടെയും തൊഴിലോ ചെയ്യുന്നതല്ലാതെ തന്റെ ഉൽപത്തി മറക്കത്തക്ക തൊഴിലിൽ ഏർപ്പെടുന്നതിന് യോഗ്യനല്ല.'

ഭരണകൂടത്തിന്റെയും രാജവാഴ്ചയുടെയും ശിക്ഷാ നടപടികളുടെയും എല്ലാം ഏക ഉദ്ദേശം ഈ വർണാശ്രമ വ്യവസ്ഥ ഊനംകൂടാതെ സംരക്ഷിക്കുകയാണ് എന്നു മനു അനുശാസിക്കുന്നു.

സേവസേവംധർമേനിവിഷ്ടാനാം
സർവേഷാ മനുപൂർവശ:
വർണാനാമാശ്രമാണാശ്ച
രാജാസൃഷ്ടോഭിരക്ഷിതാ.

(VII-35)

അതാതു വർണങ്ങൾം സ്വധർമം അനുഷ്ഠിക്കുന്നുണ്ട് എന്നുറപ്പു വരുത്തി ആ വ്യവസ്ഥയെ പാലിക്കാനാണ് രാജാവിനെ ബ്രഹ്മാവ് സൃഷ്ടിച്ചത് എന്നർഥം. ഋഗ്വേദത്തിലെ 'പുരുഷസൂക്ത'ത്തിൽ വിവരിക്കുന്ന വിരാട് പുരുഷ സിദ്ധാന്തം പരമേശ്വരനും ഗോബ്രാഹ്മണർക്കും അംഗീകാര്യമാണല്ലൊ, 'ബ്രാഹ്മണോമുഖ മാസീൽ' തൊട്ടുള്ള വിവരണം ബ്രാഹ്മണൻ ബ്രഹ്മാവിന്റെ മുഖത്തിൽനിന്നും ക്ഷത്രിയൻ ഉരസിൽ നിന്നും

വൈശ്യൻ ഹസ്തങ്ങളിൽ നിന്നും ശൂദ്രൻ പാദങ്ങളിൽനിന്നും ഉത്ഭവിക്കുന്നു എന്ന വികൃത സിദ്ധാന്തം. ഈ സിദ്ധാന്തത്തെ ഉറപ്പിക്കുകയും അതിനെ നീക്കുപോക്കില്ലാതെ സംരക്ഷിക്കുകയും അങ്ങിനെ ചാതുർവർണ്യ വ്യവസ്ഥയെ സ്വധർമ പാലന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ പുലർത്തുകയും ചെയ്യുന്നതാണ് ഭഗവദ്ഗീതയിലെ ഗണ്യമായ ഭാഗം. അല്ലാതെ പരമേശ്വരൻ പറയുമ്പോലെ ആകസ്മികമായി അതിൽപ്പെട്ടു കിടക്കുന്ന ഒന്നോ രണ്ടോ ശ്ലോകങ്ങളിൽ കടിച്ചുതൂങ്ങിക്കിടന്നുള്ള വാദമല്ല അത്.

ഇതെല്ലാം അവഗണിച്ചാലും കർമോൻമുഖതയും വിജയ വിശ്വാസവും ധർമദീക്ഷയും വളർത്തുന്ന പല ശ്ലോകങ്ങളും അതിലവശേഷിക്കുന്നുണ്ട് എന്നതിൽ തർക്കമില്ല. എന്നാൽ എം. എസ്. ഗോൾവാക്കറുടെ 'വിചാരധാര'യും പരമേശ്വരന്റെ ലഘുലേഖയും ആർ. എസ്. എസുകാരുടെ പ്രചാരണ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നവർക്കു തോന്നുക. 'ഗീത'യിൽ അകാലികവും അനഭിലഷണീയവുമായി എന്തൊക്കെയുണ്ടോ അതൊക്കെ നിലനിർത്താനാണ് അവർ ആഗ്രഹിക്കുന്നത് എന്നത്രെ. അവയിൽപെട്ടതാണ് ജാതി വ്യവസ്ഥയെയും വർണാശ്രമ സിദ്ധാന്തത്തെയും ന്യായീകരിക്കുന്നതും ''വർണസങ്കര''ത്തെ മഹാ വിപത്തായി കാണുന്നതും, കുലത്തൊഴിലല്ലാതെ മറ്റൊന്നും എടുത്തുകൂടെന്നു വിധിക്കുന്നതും, സ്ത്രീകളെയും ശൂദ്രരെയും പാപയോനിജരായി തരംതാഴ്ത്തുന്നതും ആയ ശ്ലോകങ്ങൾ. വ്യാഖ്യാനങ്ങൾ കൊണ്ടും ദുർവ്യാഖ്യാനങ്ങൾ കൊണ്ടും അവ്യക്തമാക്കാനാകാത്തത്ര വ്യക്തമാണവയെന്ന് ഉദ്ധൃത ശ്ലോകങ്ങളിൽനിന്ന് ഗ്രഹിക്കാമല്ലോ.

അധ്യായം III

ബൈബിൾ പഠനം

രണ്ടായിരം കൊല്ലത്തോളം പഴക്കമുള്ള വേദ പുസ്തകം (അതിന്റെ ഒരു ഭാഗമായ "പഴയ നിയമ"ത്തിന് പിന്നെയും പല നൂറ്റാണ്ടുകളും കൂടുതൽ പഴക്കമുണ്ട്) നൂറുകണക്കിനു ഭാഷകളിൽ കോടാനുകോടി ജനങ്ങളും ലോകത്തിലെല്ലായിടത്തും വായിച്ചു വരുന്ന ഒരു ഗ്രന്ഥമാണ്. അതിൽ തെറ്റുകളുണ്ടാകാം. അന്ധവിശ്വാസത്തിനിട നൽകുന്ന പരാമർശങ്ങളുണ്ടാകാം. പക്ഷേ, അതോടൊപ്പംതന്നെ അനേക സഹസ്രാബ്ദങ്ങളിലൂടെ ഒരു വലിയ വിഭാഗം മനുഷ്യരുടെ ചിന്താഗതികളെയും ധാർമിക ബോധത്തേയും എല്ലാം സ്വാധീനിക്കാൻ കഴിഞ്ഞ ഒരു ഗ്രന്ഥം കൂടിയാണ്. അതുപോലെതന്നെ യഹൂദരെന്ന ഒരു വിശിഷ്ട ജനവിഭാഗത്തിന്റെ സഹസ്രാബ്ദങ്ങളിലെ ജീവിത പുരോഗതിയും അവർ നേരിട്ട അഗ്നി പരീക്ഷകളുടെ ചരിത്രവും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. പുരാണികകൃതികളുടെയും മിത്തുകളുടെയും ശൈലിയിലാകയാൽ ആധുനിക പഠിതാക്കൾക്ക് അതെല്ലാം ചിക്കി തെരഞ്ഞ് സത്യത്തിന്റെ മുത്തുകൾ കണ്ടെത്തേണ്ടിവരും. അതുകൊണ്ട് ഹോമറും വാല്മീകിയും

വ്യാസനും കൺഫ്യൂഷ്യസും മറ്റും എഴുതിയ കൃതികം പോലെതന്നെ അഭ്യസ്ത വിദ്യരെന്നഭിമാനിക്കുന്നവർക്ക് വേദ പുസ്തക പരിചയം ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. ഒരു വിപ്ലവകാരിയോ പുരോഗമന വാദിയോ മാർക്സിസ്റ്റ് തന്നെയോ ആണ് നിങ്ങളെങ്കിൽ നിങ്ങളുടെ ബാധ്യത ഇനിയും വർധിക്കുന്നു. ഏതു ജനങ്ങളെ സ്വാധീനിച്ച് ഉദ്ബുദ്ധരാക്കി വർഗബോധം നൽകി സംഘടിപ്പിച്ച് വിപ്ലവത്തിലേക്ക് നയിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവോ ആ ജനങ്ങളെ സ്വാധീനിച്ചിരിക്കുന്ന ചിന്താഗതിയും വൈകാരിക കെട്ടുപാടുകളും മനസിലാക്കാൻ വേദ പുസ്തക പാരായണം അത്യന്താപേക്ഷിതമാണ്. വേദപുസ്തകം വായിക്കുകയോ അതിൽ വിശ്വസിക്കുകയോ ചെയ്യുന്നില്ലെന്നു സ്വയം കരുതുന്ന പലരിലും അതിന്റെ സ്വാധീനങ്ങളം ധാരാളം കാണാൻ കഴിയും.

അനുഭവൈകവേദ്യം

അവിശ്വാസികളായാലും ഇതര മത വിശ്വാസികളായാലും ഏവർക്കും അത്യന്തം ഹൃദ്യമായ ഒരു സാംസ്കാരികാനുഭൂതിയാണ് വേദ പുസ്തക പാരായണം. വേദപുസ്തകത്തിന്റെ സാഹിത്യഭംഗി നുകരുവാൻ ഒരു വിശ്വാസിയായിക്കൊള്ളണമെന്നില്ല. വസ്തുനിഷ്ഠമായി നിസ്സംഗതയോടെ വേദപുസ്തകം വായിക്കുന്ന ഒരവിശ്വാസിക്ക് അതിന്റെ നിത്യനൂതനമായ സാഹിത്യ സൗന്ദര്യം ഒരു വിശ്വാസിയേക്കാം കൂടുതൽ ആസ്വദിക്കാൻ കഴിഞ്ഞേക്കുമെന്നുകൂടി എനിക്ക് തോന്നുന്നു. അന്ധമായ ആരാധനാമനോഭാവംമൂലം വിശ്വാസികൾക്ക് പൂവേത്, മുള്ളേത് എന്ന് വിവേചിക്കാൻ വിഷ

മമായിരിക്കും. മുള്ളും പൂവും ഒരേ പോലെ അവർ കടിച്ചുപറിച്ചിറക്കുമ്പോഴും അവിശ്വാസി വിവേചനപൂർവം തേനും മണവും നുകരുന്നു.

വേദപുസ്തകത്തിലെ, പ്രത്യേകിച്ചും പഴയ നിയമത്തിലെ ഭൂരിഭാഗവും മതപരം എന്നതിനെക്കാൾ മതേതരം എന്ന വിശേഷണമാണർഹിക്കുന്നത് എന്നു കാണാം. ഭാരതീയ സാഹിത്യത്തിലെ സംഭോഗ ശൃംഗാര കൃതിയായ വാത്സ്യായനന്റെ ''കാമശാസ്ത്ര''ത്തെയും കാളിദാസന്റെ ''കുമാരസംഭവ''ത്തെയും വെല്ലുന്ന പ്രേമരംഗങ്ങളും സംഭോഗശൃംഗാരവർണനകളും പഴയ നിയമത്തിൽ കണ്ടെത്താം.

പഴയ നിയമത്തിലെ പ്രവാചകരുടെ ഉജ്വലമായ പ്രഭാഷണശൈലി, സങ്കീർത്തനത്തിലെയും ഉത്തമ ഗീതത്തിലേയും തേനൊലിക്കാവ്യസൗരഭം, ക്രിസ്തുവിന്റെ ഉപമകളുടെ ശില്പസൗഷ്ഠവം, ക്രിസ്തുവിന്റെ ദുരന്തകഥയുടെ നാടകീയ മുഹൂർത്തങ്ങം, വിശുദ്ധ പൗലോസിന്റെ കത്തുകളിലെ നിശിതമായ യുക്തിസാമർഥ്യം, യോഹന്നാന്റെ വെളിപാടുകളിലെ ദുരന്ത ദുശ്ശങ്കയും അലൗകിക പ്രവചനങ്ങളുമുളവാക്കുന്ന ഭാവദീപ്തി—എന്നിങ്ങിനെ വേദപുസ്തകം കാഴ്ചവെക്കുന്ന ബൗദ്ധികവും വൈകാരികവും ആയ വിരുന്ന് അനുഭവിച്ചുതന്നെ അറിയേണ്ടതാണ്.

ഇന്നും പ്രസക്തമായ രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങം വേദപുസ്തത്തിലുടനീളം പ്രതിപാദിക്കപ്പെടുന്നു. തീർച്ചയായും 20-ാംനൂറ്റാണ്ടിന്റെ വീക്ഷണമോ പരിഹാര മാർഗങ്ങളോ തേടി വേദപുസ്തകം മറിച്ചുനോക്കിയിട്ട് കാര്യമില്ല. എന്നാൽ

നീതിക്ക് വേണ്ടിയുള്ള ദുർബലന്റെ പോരാട്ടവും അതിനെതിരെ മർദകന്റെ കെടുനീതിയും കൂടെക്കൂടെ വേദപുസ്തകത്തിൽ ഉയർന്നുവരുന്നുണ്ട്. ധനവാനും ദരിദ്രനും തമ്മിലുള്ള വർഗസമരത്തിന്റെ മാറ്റൊലി വേദപുസ്തകത്തിലുടനീളം നാം കേൾക്കുന്നു. യേശുവിനെ ഗർഭം ധരിച്ച മറിയയുടെ പ്രാർഥന കേൾക്കൂ:

"(കർത്താവ്) പ്രഭുക്കൻമാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു.

വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ച്, സമ്പന്നരെ വെറുതെ അയച്ചു കളഞ്ഞിരിക്കുന്നു."

(ലൂക്കോസ് 1:52-53)

ദൈവ രാജ്യത്തിലേക്കുള്ള പ്രവേശനത്തെപ്പറ്റി യേശുക്രിസ്തു പറയുന്നു:

"സമ്പത്തുള്ളവൻ ദൈവ രാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം! ധനവാൻ ദൈവ രാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം...."

(ലൂക്കോസ് 18: 24-26)

ഇതൊക്കെകൊണ്ട് വേദപുസ്തകം ഒരു സോഷ്യലിസ്റ്റ് രേഖയാണെന്നോ മറ്റോ വാദിച്ചു കളയരുത്. ഈ ആശയങ്ങൾക്ക് കടകവിരുദ്ധമായ പരാമർശങ്ങളും അതിൽ കാണാം. എന്നാൽ ബുദ്ധമതം, ജൈനമതം മുതലായ പല ഐതിഹാസിക

മതങ്ങളെപ്പോലെ (പരമ്പരാഗത മതങ്ങളായ ഹിന്ദു-യഹൂദ മതങ്ങളിൽനിന്ന് വ്യത്യസ്തമായി ചരിത്ര പുരുഷന്മാർ സ്ഥാപിച്ചവ) ക്രിസ്തുമതത്തിന്റെ ഉൽഭവവും ഒരു സാമൂഹ്യ പരിവർത്തനത്തിന്റെ പ്രത്യയശാസ്ത്രമായിട്ടായിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ റോമാ ചക്രവർത്തി കോൺസ്റ്റന്റൈൻ സാമ്രാജ്യത്വത്തിന്റെ ഔദ്യോഗികമതമായി അംഗീകരിക്കുന്നതിന് മുമ്പുള്ള ആദിമ ക്രിസ്തുമതം പ്രധാനമായും അടിമകളുടെയും അധ: സ്ഥിതരുടെയും നിന്ദിതരുടെയും പീഡിതരുടെയും മതമായിരുന്നു (ഈ ലഘുലേഖയുടെ രണ്ടാം അധ്യായത്തിൽ ആദിമ ക്രിസ്തുമതത്തെയും കമ്യൂണിസ്റ്റു പ്രസ്ഥാനത്തെയും താരതമ്യപ്പെടുത്തി ഫ്രെഡറിക്ക് എംഗൽസ് എഴുതിയതു ഉദ്ധരിച്ച ഭാഗം കാണുക) പിൽക്കാലത്ത് മർദക വീരൻമാരുടെയും രക്തദാഹികളായ ആക്രമണകാരികളുടെയും മതമായപ്പോഴും ആദ്യകാലത്തെ ആ പുരോഗമന സ്വഭാവത്തിന്റെറയും കലാപകാരിത്വത്തിന്റേറയും മറുകുകയം (birth mark-പിറവിമുദ്ര) മുഴുവൻ മായ്ച്ചുകളയാൻ ക്രിസ്തുമതത്തിനു് കഴിഞ്ഞിട്ടില്ല. ഈ ആജന്മപാരമ്പര്യധാരയും പിൽക്കാലത്തെ ആർജിത സ്വഭാവവും വേർതിരിച്ചെടുക്കുക എന്നതാണ് ആധുനിക വിദ്യാർഥിയുടെയും ഗവേഷകന്റെറയും കടമ.

ക്രിസ്തീയ കലാപകാരികൾ

ക്രിസ്തുമത ചരിത്രത്തിലുടനീളം യാഥാസ്ഥിതികത്വത്തിനും അനീതിക്കും എതിരായി വേദപുസ്തകത്തെയും ക്രിസ്തുവിനെയും പിടിച്ചാണയിട്ടുകൊണ്ടു തന്നെ പൊരുതിയവരുണ്ട്. അവരുടെ ആധുനിക കാലത്തെ അനന്തരാവകാശികളാണ് കൊളംബിയായിലെ ഗറില്ലാ രക്തസാക്ഷി ഫാ

ടർ കാമിലോ തോറെ (1929-66) യെപ്പോലുള്ളവർ. അദ്ദേഹത്തിന്റെ അനവധി മുൻഗാമികളിലൊരാളാണ് 1381-ൽ ബ്രിട്ടനിൽ തൂക്കിക്കൊല്ലപ്പെട്ട കർഷക കലാപ നേതാവ് ഫാദർ ജോൺ ബാംഗ്. സുപ്രസിദ്ധനായ ജോൺ 23-ാമൻ മാർപ്പാപ്പയെയും ആദിമ ക്രിസ്തീയ പാരമ്പര്യം സ്വാധീനിച്ചിട്ടുണ്ട്.

കമ്യൂണിസ്റ്റ്കാരും മാർക്സിസ്റ്റ്കാരുമായി സഹകരിച്ച് മർദ്ദിതരുടെ മോചനത്തിനു വേണ്ടി പോരാടണമെന്നു ആവശ്യപ്പെടുകയും അങ്ങിനെ പോരാടി ത്യാഗം സഹിക്കുകയും ചെയ്യുന്ന ക്രിസ്തീയ വൈദികരും അൽമേനികളും ഇന്നൊരു ശ്രദ്ധേയമായ പ്രസ്ഥാനമാണ്. വിമോചന ദൈവശാസ്ത്രം എന്നാണവർ തങ്ങളുടെ സിദ്ധാന്തത്തിനു നൽകുന്ന പേരു്. യൂറോപ്പിൽ മാത്രമല്ല ഇന്ത്യയിലും ക്രിസ്ത്യാനികളും മാർക്സിസ്റ്റ്കാരും തമ്മിൽ യോജിപ്പിന്റെ മേഖലകളും കണ്ടെത്താനായി സംവാദങ്ങളും നടക്കുന്നുണ്ട്. ഈ സംവാദത്തിൽ സജീവമായി പങ്കെടുക്കാനും വിശ്വാസികളെക്കൂടി ജനാധിപത്യ വിപ്ലവ പ്രസ്ഥാനത്തിൽ കൊണ്ടുവരാനും ശ്രമിക്കുന്നവർക്കു് വേദപുസ്തകത്തെക്കുറിച്ചു് ഒരു ഏകദേശ ജ്ഞാനമെങ്കിലും ആവശ്യമാണ്.

പഴയ നിയമവും പുതിയ നിയമവും

ലോകത്തിലെ മഹാഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അതു ചെറുതാണെന്നു് പറകവയ്യെങ്കിലും വേദപുസ്തകം അതു വലുതുമല്ല. സാധാരണ വലിപ്പത്തിൽ ചെറിയ അക്ഷരത്തിൽ (8-ഓ 9-ഓ പോയിൻറ്) അടിച്ച മലയാള വേദപുസ്തകത്തിനു് 1200 ഓളം പുറംവരും. മറ്റു ജോലികളും കഴിഞ്ഞു് ദിവസം 100 പുറം വായിക്കുന്ന ഒരാൾക്കു് രണ്ടാഴ്ച

ക്കകം വായിച്ചുതീർക്കാം. എങ്കിലും അതത്ര അനായാസമല്ല. വേദപുസ്തകത്തിന്റെ ഘടനയേയും ഭാഷാപ്രയോഗത്തെയും അതു് പ്രതിപാദിക്കുന്ന കാലഘട്ടത്തേയുംകുറിച്ചു് അല്പം അറിഞ്ഞിരിക്കാതെ ആദ്യന്തം വായിച്ചുതള്ളിയതുകൊണ്ടുമാത്രം വേണ്ടത്ര പ്രയോജനം ലഭിക്കുകയില്ല.

ആദ്യമായി നാം ധരിക്കേണ്ടതു് വേദപുസ്തകം എന്നാൽ ഒരു പുസ്തകമല്ലെന്നും 66 പുസ്തകങ്ങളുടെ ഒരു സമാഹാരമാണെന്നുമത്രെ. ഇതിൽ ആദ്യത്തെ 39 പുസ്തകങ്ങൾക്കു് പഴയ നിയമമെന്നും അവസാനത്തെ 27 പുസ്തകങ്ങൾക്കു് പുതിയ നിയമമെന്നും പറയുന്നു— ഇംഗ്ലീഷിൽ "ഓൾഡ് ടെസ്റ്റ്മെൻറ്" എന്നും "ന്യൂ ടെസ്റ്റ്മെൻറ്" എന്നും. ഇതിനിടയിൽ "അപോക്രിഫ" (പ്രക്ഷിപ്തം) എന്നു് ചില വിഭാഗം ക്രിസ്ത്യാനികൾ കരുതുന്ന ഏതാനും പുസ്തകങ്ങൾ കൂടിയുണ്ടു്. ചില ആധുനിക പതിപ്പുകളിൽ അവ കൂടി ചേർത്തിട്ടുണ്ടെങ്കിലും പരമ്പരാഗത വേദപുസ്തകങ്ങളിൽ അവ ചേർക്കാറില്ല. ചരിത്രപരമായും മറ്റും വളരെ പ്രാധാന്യമുള്ള അപോക്രിഫ് മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകം വാങ്ങാൻ കിട്ടും. ക്രിസ്തുവിനു് തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിൽ യഹൂദന്മാർ സ്വന്തം യാഥാസ്ഥിതികർക്കെതിരെയും, റോമൻ സാമ്രാജ്യവാദികൾക്കെതിരെയും പോരാടിയതിന്റെ വീരകഥകളാണതിൽ പ്രാധാന്യമർഹിക്കുന്നതു്. റോമാസാമ്രാജ്യവുമായി ക്രിസ്തുമതം പൊരുത്തപ്പെട്ടു തുടങ്ങുന്ന കാലഘട്ടത്തിൽ മേലാളന്മാരെ മുഷിപ്പിക്കേണ്ടതില്ല എന്ന ധാരണയിൽ വേദപുസ്തകത്തിന്റെ ആദ്യ ശുദ്ധപാഠപ്രസാധകനായ നാലാം നൂറ്റാണ്ടിലെ സെയിൻ ജെറോം ഇതു് ചെയ്തതാകാനാണിട.

വേദപുസ്തകത്തിന്റെ സിംഹഭാഗം പഴയനിയമമാണു്—പുസ്തകത്തിന്റെ നാലിൽ മൂന്നു്. ആദ്യത്തെ പുസ്തകമായ ഉൽപ്പത്തി ആറു് ദിവസം കൊണ്ടു് ദൈവം ലോകം മുഴുവൻ സൃഷ്ടിച്ചു് ഏഴാം ദിവസം വിശ്രമിച്ച കഥ പറയുന്നു. പിന്നിട്ടു് യഹൂദന്മാരുടെ ചരിത്രവുമായി ബന്ധപ്പെട്ട കഥകളും ഐതിഹ്യങ്ങളും കെട്ടുകഥകളും പ്രവാചക ചരിത്രങ്ങളും. അനേക നൂറ്റാണ്ടുകളും കൊണ്ടോ സഹസ്രാബ്ദങ്ങളും കൊണ്ടോ പല തവണയായി എഴുതിയിട്ടുള്ളതും വാമൊഴിയായി കേട്ടും കേൾപ്പിച്ചും പോന്നിട്ടുള്ളതുമായ കഥകളും സംഭവങ്ങളുമാണു് പഴയനിയമത്തിലെ ഉള്ളടക്കം. സാഹിത്യരസികത്വം പുതിയ നിയമത്തെക്കാളും കൂടുതൽ പഴയ നിയമത്തിനാണു്. അതിലെ കവിതാഭാഗങ്ങളും ലോകത്തിലെ ഏതു സാഹിത്യ കൃതികളോടും കിടപിടിക്കും. എങ്കിലും ആദ്യമായി വേദപുസ്തകം വായിക്കുന്നവർ പുതിയ നിയമത്തിൽ തുടങ്ങുകയാണു് നല്ലതു്.

സുവിശേഷങ്ങൾ

ഇപ്പോഴത്തെ രൂപത്തിൽ പുതിയ നിയമത്തിൽ 27 പുസ്തകങ്ങളാണുള്ളതു് എന്നു് പറഞ്ഞുവല്ലോ. ആദ്യത്തെ നാലു് മത്തായി, മർക്കോസു്, ലൂക്കോസു്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങളാണു്. ക്രിസ്തുവിന്റെ ജീവിത കഥയും ഉപദേശങ്ങളുമാണു് ഇവ വിവരിക്കുന്നതു്. അവയിൽ വൈരുധ്യങ്ങളും വ്യത്യാസങ്ങളും ഉള്ളതു പോലെ പല സാമ്യങ്ങളും ഉണ്ടു്. സാമ്യങ്ങളുടെ അളവിൽ തന്നെ കൂടുതൽ കുറവു കാണാം. ഉദാഹരണത്തിനു് മത്തായിയും മർക്കോസും ലൂക്കോസും മിക്കവാറും ആവർത്തന സ്വഭാവമുള്ള ഒരേ വിഷയങ്ങളും ഒരേ തരത്തിൽ കൈകാര്യം ചെയ്യുന്നവയാണു്. അവയെ പ്രത്യേകമായി "സമാന സുവിശേഷങ്ങൾ"

(Synoptic Gospels) എന്നു് വിളിച്ചു വരുന്നു. ഈ മൂന്നിൽ തന്നെ ഏറ്റവും ആദ്യം ഉണ്ടായതായി കണക്കാക്കപ്പെടുന്ന മക്കോസു് മറ്റു രണ്ടെണ്ണത്തിൽ നിന്നു് വേറിട്ടു് നില്ക്കുന്നു. "Q" എന്നു് ബൈബിൾ ഗവേഷകർ സാങ്കേതിക സംജ്ഞ നൽകുന്ന മൂലത്തിൽ നിന്നും ഉറവെടുത്ത അംശങ്ങൾ മത്തായിയിലും ലൂക്കോസിലും കാണാം. നാമെല്ലാം പൊതുവെ അറിയുന്ന ക്രിസ്തുവിന്റെ ജീവിത കഥ ഈ മൂന്നു സുവിശേഷങ്ങളിൽ ചേർന്നിരിക്കുന്നു. നാലാമത്തെ സുവിശേഷമായ യോഹന്നാൻ ഒരു ഉയർന്ന ദാർശനിക നിലവാരത്തിലാണു് ചർച്ചയാരംഭിക്കുന്നതു് തന്നെ. "ആദിയിൽ വചനമുണ്ടായിരുന്നു" എന്ന യോഹന്നാനിലെ ആദ്യവാക്യം പ്ലേറ്റോയുടെ ആശയവാദ ദർശനത്തിന്റെ മാറ്റൊലിയാണു്. ലോഗോസു് (Logos) അഥവാ വചനം പിൽക്കാല ഗ്രീക്കു് ദർശനത്തിലെ പ്രധാന സങ്കല്പങ്ങളിൽപെടുന്നു. ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടെ മൂലം യേശുവിന്റെ മാതൃഭാഷയായ 'അർമയക്കു്' ലായിരിക്കാനാണിടയെങ്കിലും യോഹന്നാന്റേതു് ഗ്രീക്കിൽ തന്നെയായിരുന്നു എന്നു് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. യോഹന്നാനിലൂടെയും പൗലോസിലൂടെയും ക്രിസ്തുമതത്തിൽ നഴഞ്ഞു കയറിയ പുത്തൻ പ്ലേറ്റോണിസത്തിന്റെ തുടക്കം ഇതിലാണു്.

സുവിശേഷം, പുത്തൻവാർത്ത എന്നതു് Gospel എന്നതിന്റെ ശരിയായ തർജ്ജമയാണു്. പഴയ നിയമത്തിലെ പ്രവാചകന്മാർ പലരും പ്രവചിച്ചതു പോലെ രക്ഷകനും വിമോചകനുമായ ക്രിസ്തു അവസാനം അവതരിച്ചിരിക്കുന്നു എന്ന "നല്ല വാർത്ത" അറിയിക്കുന്നതു് കൊണ്ടാണു് അവയ്ക്കു് ഈ പേർ വന്നതു്. സുവിശേഷങ്ങൾ കഴിഞ്ഞാൽ പിന്നീടു് "അപ്പോസ്തല പ്രവൃത്തികൾ" എന്ന ഗ്രന്ഥമാണു്. ക്രിസ്തുവിന്റെ കുരിശു

മരണത്തിനു് ശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാരും മറ്റു് സുവിശേഷകന്മാരും ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കു് പോയി സന്ദേശം പ്രചരിപ്പിച്ചതിന്റെ വിവരങ്ങളാണീ ഗ്രന്ഥത്തിലുള്ളതു് – ക്രിസ്തുമതത്തിന്റെ ആദ്യ നൂറ്റാണ്ടിലെ ചരിത്രം. മൂന്നാമത്തെ സുവിശേഷകനായ ലൂക്കോസു് തന്നെയാണിതു് എഴുതിയതു് എന്നു് കരുതപ്പെടുന്നു. ലൂക്കോസിന്റെ സുവിശേഷം പോലെ അപ്പോസ്തല പ്രവൃത്തികളും "തിയോഫിലസു്" എന്ന ഒരാൾക്കു് അയച്ച കത്തിന്റെ രൂപത്തിലാണു് എഴുതിയിട്ടുള്ളതു്. തിയോഫിലസു് ആരാണെന്നു് പണ്ഡിതന്മാർക്കു് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല.

പാറയായ പത്രോസും പരീശനായ പൗലോസും

ക്രിസ്തു ശിഷ്യന്മാരിൽ പ്രമുഖനായ വിശുദ്ധ പത്രോസാണു് സഭയുടെ സ്ഥാപകൻ എന്നാണു് സങ്കല്പം. 'പത്രോസെ നീ പാറയാകുന്നു – നിന്നെക്കൊണ്ടായിരിക്കും ഞാൻ സഭ കെട്ടിപ്പടുക്കുക' എന്ന ക്രിസ്തുവിന്റെ വിവാദവിഷയമായ ഒരു വാചകമുണ്ടു്. 'പെത്രു്' എന്നാൽ പാറ എന്നാണർഥമെന്നും അതിനെച്ചൊല്ലിയുള്ള ശ്ലേഷത്തെ പിടിച്ചു് വിവർത്തനങ്ങളിൽ വന്ന വികല ധാരണയാണിതെന്നും മറ്റും തർക്കമുണ്ടു്. ഏതായാലും റോമയിലെ മാർപ്പാപ്പ പത്രോസിന്റെ പിൻമുറക്കാരനായിട്ടാണറിയപ്പെടുന്നതു്. മാർപ്പാപ്പയുടെ ഇരിപ്പിടം വിശുദ്ധ പത്രോസിന്റെ സിംഹാസനമായിട്ടും അറിയപ്പെടുന്നു. ക്രിസ്തുവിനുശേഷം യരുശലേമിൽ രൂപം കൊണ്ട 120 പേരടങ്ങുന്ന ക്രിസ്തീയ സഭയുടെ നായകന്മാർ ക്രിസ്തു ശിഷ്യനായ പത്രോസും ക്രിസ്തു സഹോദരനായ ജയിംസും ആയിരുന്നു.

എങ്കിലും വേദപുസ്തകത്തിലെയും പുറത്തെയും തെളിവുകളും പ്രകാരം ക്രിസ്തു കഴിഞ്ഞാൽ ക്രിസ്തീയസഭയിലെ ഏറ്റവും ഉന്നതനായ വ്യക്തി വിശുദ്ധ പൗലോസ് ആണെന്നു കാണാം. അഭ്യസ്തവിദ്യനും ദാർശനികനും ഉജ്വലവാഗ്മിയും സംഘാടകനും ആയിരുന്ന പൗലോസ് ക്രിസ്തുവിനെ കണ്ടിട്ടില്ല. ക്രിസ്തുമതത്തിലെ ആദ്യ രക്തസാക്ഷിയായ എസ്തപാനോസിനെ കല്ലെറിഞ്ഞുകൊന്ന കൂട്ടത്തിൽ ഒരു പരീശനും റോമാപൗരനുമായ പൗലോസും ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ കുരിശുമരണത്തിനും എസ്തപാനോസിന്റെ (സ്റ്റീഫൻ) രക്തസാക്ഷിത്വത്തിനും ശേഷമാണ് പൗലോസിനു മാനസാന്തരമുണ്ടായതു തന്നെ. യഹൂദനായിരുന്നുവെങ്കിലും ക്രിസ്തു ശിഷ്യന്മാർക്കില്ലാതിരുന്ന ഒന്നു രണ്ടു യോഗ്യത പൗലോസിനു സഹായകരമായി. റോമാ പൗരത്വവും പ്രഭുകുടുംബപാരമ്പര്യവും, പരീശസ്ഥാനവും. ക്രിസ്തുവിന്റെ കാലത്ത് യഹൂദരുടെ ഇടയിലുണ്ടായിരുന്ന രണ്ടു വിഭാഗക്കാരാണ് സാദൂക്യരും, പരീശന്മാരും. ഈ രണ്ടുകൂട്ടരും യേശുവിന്റെ ശത്രുപക്ഷത്തായിരുന്നു.

ക്രിസ്തീയ സഭയിലേയും ദർശനത്തിലെയും യാഥാസ്ഥിതിക ധാരണയുടെ സ്ഥാപകനും പൗലോസായിരുന്നു എന്നു വിമർശകർ ചൂണ്ടിക്കാട്ടുന്നു. ശ്രീശങ്കരനെപ്പോലെ ജ്ഞാനയോഗിയും കർമ്മയോഗിയും ഏകീഭവിച്ച ഒരു വ്യക്തിത്വമായിരുന്ന പൗലോസിന്റെതു്. യാത്രാമാർഗങ്ങളും വാഹനങ്ങളും വിരളമായിരുന്ന അക്കാലത്തു് വിവിധ ഭാഷകളും സംസ്കാരങ്ങളും ആധിപത്യം വഹിച്ചിരുന്ന മധ്യധരണ്യാഴിനാടുകളിലും പശ്ചിമേഷ്യയിലും അവസാനം കിഴക്കു് റോമാ നഗരത്തിലും ക്രിസ്തു സന്ദേശവുമായി പൗലോസ് കൊടുങ്കാറ്റുപോലെ ചീറിപ്പാഞ്ഞു് സഞ്ചരിച്ച ചരിത്രം ഉദ്വേഗജനകമായ ഒരു സാഹസിക കഥയാണു്.

അപ്പോസ്തല പ്രവൃത്തികളും തുടർന്നു് പൗലോസു് തന്നെ എഴുതിയതായി വിശ്വാസികളും അംഗീകരിക്കുന്ന 13 കത്തുകളും (എപിസിൽസു്-മലയാളത്തിൽ ലേഖനങ്ങളും എന്നാണു് വിവർത്തനം ചെയ്തിരിക്കുന്നതു്. പക്ഷേ കത്തുകളും എന്നതായിരിക്കും കൂടുതൽ ശരി) ഈ മഹാപ്രതിഭാശാലിയുടെ വാദപ്രതിവാദ കൗശലത്തിനും സംഘടനാ സാമർത്ഥ്യത്തിനും "പുത്തൻ പ്യോറോണികു് ദാർശനിക സ്വാധീനത്തിനും സാക്ഷ്യം വഹിക്കുന്നു. ഈ പതിമൂന്നു കത്തുകളും എഴുതിയതു് വിശുദ്ധപൗലോസു് എന്നാണു് അവയുടെ തലവാചകത്തിൽ തന്നെ ചേർത്തിട്ടുള്ളതു് എങ്കിലും ഗവേഷകർ ഭിന്നാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. അവയിൽ ചിലവ തീർച്ചയായും പൗലോസിന്റെ തന്നെയാണു്.

ക്രിസ്തുവിനുശേഷം 5-ാം വർഷം ജനിച്ച പൗലോസു് 65-ാം മാണ്ടിനിടക്കു് റോമാ നഗരത്തിൽവെച്ചു് അറസ്റ്റു് ചെയ്യപ്പെടുകയും റോമാക്കാരാൽ വധിക്കപ്പെട്ടു് രക്തസാക്ഷിയാകുകയും ചെയ്തു. ഗ്രന്ഥവിൽ കിടക്കുമ്പോഴും പൗലോസു് തന്റെ കൂത്ത പേനകൊണ്ടു് പടവെട്ടിക്കൊണ്ടിരുന്നു. കൊളോസിയർക്കും ഫിലമോനും എഫിസിയർക്കും ഫിലിപ്പിയക്കും പൗലോസു് എഴുതിയതു് കാരാഗൃഹങ്ങളിൽനിന്നാണു്.

മറ്റു കത്തുകൾ

പുതിയ നിയമത്തിലെ 21 കത്തുകളിൽ പൗലോസിന്റേതായി പറയുന്ന 13 കഴിച്ചാൽപിന്നെ എട്ടു കത്തുകളുണ്ടു്. ഇവയിൽ 14-ാമത്തേതായ "എബ്രായക്കുള്ള ലേഖന"വും പൗലോസിന്റേതായി പരമ്പരാഗതമായി വിശ്വസിക്കുന്നവരുണ്ടു്. പക്ഷെ ബൈബിൾ പണ്ഡിതന്മാർ ഇപ്പോഴതു് അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല ആരാണതെഴുതിയതെന്നു് ചേർക്കാതെയാണു് ഇപ്പോഴും പ്രസിദ്ധീകരിച്ചുവരുന്നതും. പിന്നീടുള്ള എഴുത്തുകളിൽ ഒരെണ്ണം ജെയിംസിന്റെയും രണ്ടെണ്ണം പത്രോസിന്റെയും മൂന്നെണ്ണം യോഹന്നാന്റെയും ഒരെണ്ണം യൂദായുടെയുമാണു്.

ഈ അവസാനത്തെ ഏഴെണ്ണം എഴുതിയവരുടെ തായി ഓരോ പേർ ചേർത്തിട്ടുണ്ടെങ്കിലും ആർക്കെഴുതി എന്നു് വ്യക്തമല്ല. ആദ്യത്തെ ഒമ്പതു് കത്തുകളും ആർക്കെന്നു് എഴുതിച്ചേർത്തിട്ടുണ്ടു്. കൊരിന്ത്യർക്കു്, ഗലാത്യർക്കു്, ഫിലിപ്പിയർക്കു്, കൊളോസ്സിയർക്കു് എന്നിങ്ങനെ. അവ പലതും യഥാർഥ വിശുദ്ധ പത്രോസിന്റെയാണോ എന്നു് സംശയമുള്ളതുപോലെ അവസാനത്തെ ഏഴെണ്ണത്തിന്റെ കർത്താക്കളായി എഴുതിച്ചേർത്തിരിക്കുന്ന പത്രോസും യോഹന്നാനും ജയിംസും യൂദായും അതേ പേരുകളിലുള്ള ക്രിസ്തുശിഷ്യന്മാരുടെയാണോ എന്ന കാര്യവും തർക്കവിഷയമാണു്.

പുതിയ നിയമത്തിലെ (അതുകൊണ്ടു് വേദപുസ്തകത്തിലെ തന്നെ) അവസാന ഗ്രന്ഥം "യോഹന്നാന്റെ വെളിപ്പാടു്" (The Revelation of John) ആണു്. ഹിന്ദു പുരാണങ്ങളിലെ കലികാല പ്രവചനങ്ങളെ അതനുസ്മരിപ്പിക്കുന്നു. ദൈവം യേശുക്രിസ്തുവിനു് വെളിപ്പെടുത്തിക്കൊടുത്തതു് യേശു യോഹന്നാനു് വെളിപ്പെടുത്തിക്കൊടുത്തതു് ഏഷ്യയിലെ ഏഴു സഭകളുടെ അറിവിനായി യോഹന്നാൻ എഴുതുന്ന രൂപത്തിലാണു് "വെളിപ്പാടുപുസ്തകം." വെളിപാടു പുസ്തകത്തിലെ ഭൂരിഭാഗവും അപോകലിപ്റ്റിക്കു് (ആത്യന്തിക സർവനാശ പ്രവചനം) വീക്ഷണം വേദപുസ്തകത്തിലെ പ്രവാചക (പ്രോഫറ്റിക്കു്) പ്രവണതയും അതുകൊണ്ടുതന്നെ മാനവിക പുരോഗതിക്കും എതിരാണു എന്നു ഫാദർ സെബാസ്റ്റ്യൻ കാപ്പനെപോലുള്ള വിമോചന ദൈവ ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഭാവിയെല്ലാം നിശ്ചിതവും ഭൂരിഭാഗവാഹിയുമാണെങ്കിൽ മനുഷ്യ യത്നത്തിനും മനുഷ്യന്റെ സ്വതന്ത്രമായ തെരഞ്ഞെടുപ്പിനും ധർമാധർമ ചിന്തയ്ക്കും സ്ഥാനമെവിടെ എന്നാണവരുടെ ചോദ്യം.

പുതിയ നിയമത്തിലെ പുസ്തകങ്ങൾ ക്രി സ്തുവിനുശേഷം 50-ാമാണ്ടിനും 150-ാംമാണ്ടിനും ഇടയ്ക്ക് എഴുതപ്പെട്ടവയാണെന്നാണ് പണ്ഡി തൻമാരുടെ അഭിപ്രായം. അന്നു നിലവിലിരുന്ന അനവധി രേഖകളിൽ ചിലത് പിന്നീട് നാലാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനും ഇടയ്ക്ക് അല ക്സാണ്ഡ്രിയായിലെ മെത്രാനായിരുന്ന അത്ത നാസ്യോസും ആഫ്രിക്കക്കാരനായിരുന്ന വിശുദ്ധ അഗസ്റ്റിനും ഒന്നു രണ്ടു ഘട്ടങ്ങളിലായി തെര ഞ്ഞെടുത്ത് സംശോധന ചെയ്ത് അംഗീകരിച്ചതാ ണ് ഇന്നത്തെ പുതിയ നിയമം. ക്രി. പി. 382-ൽ ചേർന്ന ''റോമ സുന്നഹദോസ്'' എന്ന സാർവ്വദേ ശീയ വൈദീക സഭ വിശുദ്ധ ജെറോമിന്റെ സ്വാ ധീനത്തിൽ അംഗീകരിച്ചതാണ് ഇന്നത്തെ ''പുതി യ നിയമ'' പാഠം. വി. ജെറോം ലത്തീൻ ഭാഷയി ലേക്ക് ഗ്രീക്കിൽ നിന്ന് വിവർത്തനം ചെയ്തതാ ണ് 12 നൂറ്റാണ്ടുകാലം ക്രിസ്തീയസഭ ആധികാ രികമായി അംഗീകരിച്ച വേദ പുസ്തകം. ലൂക്കോ സിന്റെ സുവിശേഷത്തിലെ ഒന്നാം വാക്യത്തിൽ സൂചിപ്പിക്കുന്നതു പോലെ അക്കാലത്ത് 'അനവധി ക്രിസ്തു ചരിത്രങ്ങൾ നിലവിലിരുന്നതായി കണക്കാക്കുന്നതിൽ തെറ്റില്ല. അവയിൽ റോമ സു ന്നഹദോസ് അംഗീകരിച്ചവ മാത്രമാണിന്നത്തെ രൂ പത്തിൽ പുതിയ നിയമത്തിലുള്ളത്.

വിവിധ വിവർത്തനങ്ങൾ

ഇന്ന് ഇംഗ്ലീഷിൽ നമുക്ക് കിട്ടുന്ന ഏറ്റവും പ്രചാരമുള്ള വേദ പുസ്തകം ഇംഗ്ലണ്ടിലെ രാജാവ് ജെയിംസ് ഒന്നാമന്റെ നേതൃത്വത്തിൽ ഒരു സംഘം പുരോഹിത ശ്രേഷ്ഠൻമാരും പണ്ഡിതൻമാരും

ഗ്രീക്ക്-ലത്തീൻ പാഠങ്ങളെ ഒത്തുനോക്കി വിവർത്തനം ചെയ്ത് 1611-ൽ പ്രസിദ്ധീകരിച്ച അധികൃതപാഠമാണ്. (Authorised version) ഈ വിവർത്തനത്തിന്റെ സാഹിത്യസൗന്ദര്യം പ്രകീർത്തിതമാണെങ്കിലും ആധുനിക വായനക്കാർക്ക് അന്നത്തെ ഇംഗ്ലീഷ് മനസിലാവാൻ വിഷമം അനുഭവപ്പെട്ടേക്കാം. ആയിടക്കുതന്നെ റോമൻ കത്തോലിക്കാ സഭ തയ്യാറാക്കിയ ''ദൂവെപാഠ''ത്തിനും ഈ കുഴപ്പമുണ്ട്. എന്നാൽ ഈ അടുത്തകാലത്തായി സമകാലിക ഇംഗ്ലീഷിൽ വേദ പുസ്തകത്തിന്റെ മുഴുവനായും പുതിയ നിയമത്തിന്റെ പ്രത്യേകമായും പല വിവർത്തനങ്ങളും വന്നിട്ടുണ്ട്: ഓക്സ് ഫോർഡ്-കേംബ്രിഡ്ജ് സർവകലാശാലകളും സി. എച്ച്. ഡോഡിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ New English Bible, അമേരിക്കൻ ബൈബിൾ സൊസൈറ്റിയുടെ American Standard Version മുതലായവ എടുത്തു പറയത്തക്കതാണ്. ഒരു ഓക്സ്ഫോർഡ് പണ്ഡിതനായ മൊഫാറ്റിന്റെ വേദ പുസ്തക വിവർത്തനവും ആധുനികർക്ക് എളുപ്പത്തിൽ വായിച്ചു മനസിലാക്കാം. Good News Bible വേറൊരു നല്ല പുത്തൻ തർജ്ജമയാണ്. New English Bible വിലകുറച്ച് പെഗ്വിൻകാർ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

മലയാളത്തിൽ പഴയ അധികൃത വിവർത്തനത്തിനു പുറമെ മാണിക്കത്തനാരുടെയും ഫാദർ മുത്തേടന്റെയും ആധുനിക മലയാള വിവർത്തനങ്ങളും വേദ പുസ്തകത്തിന് ലഭിച്ചിട്ടുണ്ട്. റോമൻ കത്തോലിക്കരടങ്ങിയ ''പാസ്റ്ററൽ ഓറിയന്റേഷൻ സെൻറർ'' (പി ഒ സി) എന്ന സ്ഥാപനം അടുത്തയിടെ പുതിയ നിയമത്തിന്റെ ഒരു പുത്തൻ മല

യാള പരിഭാഷ കൊച്ചിയിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിന്തകനും പരിഷ്കരണ വാദിയുമായ ജോസഫ് പുലിക്കുന്നേൽ എൻ വി കൃഷ്ണവാര്യർ തൊട്ടുള്ളവരുടെ സഹകരണത്തോടെ വിവർത്തനം ചെയ്ത വേദ പുസ്തകമാണ് എനിക്ക് ഏറെ ഇഷ്ടമായത്. മൂലത്തോടുള്ള അടുപ്പം കൊണ്ടും ഭാഷയുടെ സൗകുമാര്യം കൊണ്ടും.

കുറെക്കൂടി കൂട്ടായ പ്രവർത്തനത്തെ അടിസ്ഥാനപ്പെടുത്തി കൂടുതൽ അധികൃതമായ ഒരു വേദ പുസ്തക വിവർത്തനം കോട്ടയത്തുള്ള മങ്ങാനം ആശ്രമക്കാർ പ്രസിദ്ധീകരിക്കുന്നതായി കേൾക്കുന്നു.

വേദ പുസ്തക വിമർശനങ്ങൾ

വേദ പുസ്തക വിമർശനം ആധുനിക സാഹിത്യ-ചരിത്ര-ഭാഷാവിജ്ഞാനീയങ്ങളുടെ ഒരു മുഖ്യ ശാഖയാണ്. ക്രിസ്തീയ സഭയിലെ വിവിധ വിഭാഗക്കാരുടെ വീക്ഷണകോടിയിൽ നിന്നുകൊണ്ട് സി. എച്ച്. ഡോഡ്, സി. എസ്. ലെവിസ്, കാം ബാർത്ത്, റൂഡോൾഫ് ബൾട്മാൻ തുടങ്ങിയ അതികായൻമാർ ക്രിസ്തീയ ദൈവ വിജ്ഞാനീയത്തിന് വമ്പിച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. മലയാളത്തിൽ പൗര സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഉന്നതനേതാക്കളിൽ ഒരാളായ ഡാ. എം. എം. തോമസിന്റെ വേദ പുസ്തക വ്യഖ്യാനപരമ്പര (സി. എൽ. എസ്. തിരുവല്ല) എടുത്തു പറയത്തക്കതാണ്.

എന്നാൽ അതുപോലെ തന്നെ ഉന്നത ശീർഷരായ പണ്ഡിത വരേണ്യർ ആധുനികകാലത്ത് ഖ

ണ്ഡന പക്ഷത്തുനിന്നു കൊണ്ട് വേദ പുസ്തക വിമർശനങ്ങളെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യേശു എന്ന ചരിത്രപുരുഷന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്നവരും വിവിധ പുതിയ നിയമങ്ങളുടെ ആധികാരികതയെ ഖണ്ഡിക്കുന്നവരും അവരിലുണ്ട്. മതത്തെയും ദൈവത്തെയും എതിർക്കുന്ന ആർച്ചിബാൾഡ് റോബർടസനെപ്പോലുള്ളവർ (Bible and its Back ground. Jesus: Myth or History, Origins of Christianity) ശാസ്ത്രത്തിന്റെയും മാർക്സിസത്തിന്റെയും പക്ഷം പിടിച്ചുകൊണ്ട് യേശുവിന്റെ ചരിത്രസാധുതയെ നിഷേധിക്കാതെ വേദപുസ്തക ഗവേഷണം നടത്തുന്നവരാണ്.

ആധുനിക വേദ പുസ്തക ഖണ്ഡന വിമർശകരിൽ — അഥവാ ആധുനിക ശാസ്ത്രോപാധികളെ ഉപയോഗിച്ച് വേദപുസ്തകത്തെയും ക്രിസ്തീയ പാരമ്പര്യത്തെയും സഭയേയും പഠിക്കുന്നവരിൽ — ആദിപഥികനായി കണക്കാക്കപ്പെടുന്നത് 18-ാം നൂറ്റാണ്ടിൽ ജർമ്മനിയിലെ ഹാംബർഗ് സർവ്വകലാശാലയിൽ പൗരസ്ത്യ ഭാഷാ വകുപ്പ് പ്രഫസറായിരുന്ന ഹെർമാൻ സാമുവൽ റെയ്മാറസ് ആണ്. പിന്നീടുള്ള പ്രധാന ചുവടുവെപ്പ് 1835-ൽ മറ്റൊരു ജർമ്മൻ മഹാപണ്ഡിതനായ ഡേവിഡ് ഫ്രെഡറിക്ക് സ്ട്രാവുഡ് Life of Jesus പ്രസിദ്ധീകരിച്ചപ്പോഴാണ്. പിന്നീടുണ്ടായ പ്രധാന സംഭവം കോളിളക്കം സൃഷ്ടിച്ച ഏണസ്റ്റ് റെനാന്റെ Life of Jesus (1863) എന്ന ഗ്രന്ഥമാണ്. യേശു എന്നൊരാളേ ജീവിച്ചിരുന്നതേയില്ല എന്ന് വാദിക്കുന്നവയിൽ മുൻഗണന ജെ. എം. റോബർട്സന്റെ "The Jesus Problem" എന്ന ഇംഗ്ലീഷ് പുസ്തകത്തിനാണ്. വിമർശന ഗ്രന്ഥങ്ങൾ വായി

ക്കാനാഗ്രഹിക്കുന്നവർക്ക് തുടങ്ങാൻ ഉത്തമം ആർ ച്ചിബാൾഡ് റോബർട്സന്റെ (ജെ എം റോബർട്സൺ വേറെയാളാണ്) Jesus Myth or History (Watts 'and Co. London) എന്ന ചെറു കൃതിയാണ്. അദ്ദേഹത്തിന്റെ തന്നെ "Origins of Christianity" കമ്യൂണിസ്റ്റ് പ്രസിദ്ധീകരണക്കാരായ "ലോറൻസ് ആൻറ് വിഷാർട്ട്" ഇറക്കിയിട്ടുണ്ട്. ക്രിസ്തു മതത്തിലോ മറ്റേതെങ്കിലും മതത്തിലോ വിശ്വസിക്കാത്ത സുപ്രസിദ്ധ അമേരിക്കൻ സാഹിത്യകാരനായ അപ്ടൻ സിങ്ക്ളയറുടെ Secrect Life of Jesus അത്യാകർഷകമായ ഒരു കൃതിയാണ്. Death of Jesus എന്ന ജോയൽകാർ മൈക്കളുടെ "പെൻഗ്വിൻ" പുസ്തകം ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിന്റെ രാഷ്ട്രീയ വശങ്ങളെക്കുറിച്ചുള്ള ഒരു പ്രൗഢ കൃതിയാണ്.

"ലോകസംസ്കാര കലവറയിലെ സമ്പത്തെല്ലാം സ്വാംശീകരിക്കുക, അവയെല്ലാം തൊഴിലാളിവർഗത്തിന്റെ പൈതൃകമാണ്" എന്ന്, യുവജനങ്ങളോട് 1922-ൽ ലെനിൻ ചെയ്ത ആഹ്വാനം നടപ്പിൽ വരുത്താനാഗ്രഹിക്കുന്നവർ വേദ പുസ്തകവും വിമർശനദൃഷ്ടിയോടെ പഠിക്കേണ്ടതുണ്ട്. അങ്ങിനെ പഠിക്കാനാഗ്രഹിക്കുന്നവർക്കുവേണ്ടി മാത്രമാണീ ലേഖനം എഴുതിയിട്ടുള്ളത്.

Parvathy devi - R

7796





''വേദപുസ്തകം വായിക്കുക!''—
ഒരു ഭൗതികവാദിയിൽനിന്നു് പുറപ്പെടാവുന്ന
അസാധാരണമായ ഒരാഹ്വാനം.
എന്നാൽ ഭഗവത്ഗീതയുടെയും ബൈബിളിന്റെയും
അനുപമമായ സാഹിത്യശോഭയേയും
ഒന്നോ രണ്ടോ സഹസ്രാബ്ദക്കാലം അവ ലോകജനതക്കു
നൽകിപ്പോന്ന സാംസ്കാരികോത്തേജനത്തെയും
വിലകുറച്ചു കാണുന്നവർ മാത്രമേ
ഇത്തരമൊരാഹ്വാനത്തെ പുച്ഛിച്ചു തള്ളൂ.

മനുഷ്യസമൂഹം ഇതേവരെ സഞ്ചരിച്ച
സാംസ്കാരിക മൂല്യങ്ങളെല്ലാം ഉൾക്കൊള്ളാതെ
ഒരുവനു് യഥാർഥ കമ്മ്യൂണിസ്റ്റാവാൻ കഴിയില്ലെന്നു്
ഉദ്ബോധിപ്പിച്ചുകൊണ്ടു് ഭഗവദ്ഗീതയെയും
ബൈബിളിനെയും ഭൗതികവാദത്തിന്റെ
അടിസ്ഥാനത്തിൽ വിലയിരുത്തുകയാണു്
പി. ജി. ഈ കൃതിയിൽ.